# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാട്ടാക്കട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.5/657/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 31/03/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടാക്കട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.5/657/2021 തീയ്യതി: 31/03/2021

## തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 19-03-2021 | 27-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-03-2021 | 27-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതാകുമാരി.എം ഓഡിറ്റ് ഓഫീസർ
ശ്രീ.കോസലരാമദാസ്.സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സീന.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ലിപു ലോറൻസ്,ഓഡിറ്റർ
കുമാരി.മെർലിൻ ജേക്കബ്,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അജിത എസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഷിബു പ്രണാബ് | സെക്രട്ടറി | 01-04-2019 | 08-08-2019 |
| ശ്രീ.ഗിരീഷ് ലാൽ എൻ സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-08-2019 | 19-08-2019 |
| ശ്രീ.ഹരികുമാർ ജി | സെക്രട്ടറി | 20-08-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി,ബീന | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.സിബിൻ | അസിസ്റ്റന്റ് എഞ്ചിനീയർ,LSGD | 01-04-2019 | 31-03-2020 |
| ശ്രീ.സുജിത്ത് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.തിങ്കൾജ്യോതി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.രത്നാകരൻ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സുധരാജ് | ICDS സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. സിദ്ധി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. ശാന്തകുമാർ | മെഡിക്കൽ ഓഫീസർ- എഫ് എച്ച് സി | 01-04-2019 | 31-03-2020 |
| ശ്രീ.രാജീവ് സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ,ഗിരീഷ് ലാൽ എൻ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 30-11-2019 |
| ശ്രീ.രാജീവ് ജി വി | അസിസ്റ്റന്റ് സെക്രട്ടറി | 01-12-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-1 |
| 2 | ബജറ്റ് ശുപാർശകൾ ലഭ്യമാകാതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നു<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-1-1 |
| 3 | പുതുക്കിയ ബജറ്റ് അംഗീകരിച്ചത് ക്രമപ്രകാരമല്ല<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-1-2 |
| 4 | വരവില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കിയിരിക്കുന്നു<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-1-3 |
| 5 | വാർഷിക ധനകാര്യപത്രിക<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-2 |
| 6 | KURDFC ലോൺ തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-2-1 |
| 7 | ലൈബ്രറി സെസ് തുക ഒടുക്കിയിട്ടില്ല<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-2-2 |
| 8 | സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിക്കാത്ത തുകകൾ തിരികെ ഒടുക്കിയില്ല.<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-2-3 |
| 9 | തനതു ഫണ്ടിൽ നീക്കിയിരിപ്പായ തുകകൾ ചെലവഴിക്കേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-2-4 |
| 10 | എ. എഫ്. എസ്. ൽ റേഷ്യോസ് ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Lipu Lawrence (Auditor, On 22-03-2021)<br>Last Updated By: Lipu Lawrence (Auditor, On 22-03-2021) | 1-2-5 |
| 11 | തൊഴിലുറപ്പ് പദ്ധതി --വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-2-6 |
| 12 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-3 |
| 13 | വികസന ഫണ്ടിന്റെ മേഖല വകയിരുത്തലും പ്രത്യേക പദ്ധതികളുടെ വിഹിതം നിശ്ചയിക്കലും-വനിതഘടക പദ്ധതിവകയിരുത്തലിൽ കുറവ്<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-3-1 |
| 14 | വികസന ഫണ്ടിന്റെ മേഖല വകയിരുത്തലും പ്രത്യേക പദ്ധതികളുടെ വിഹിതം നിശ്ചയിക്കലും-വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയറിനും വകയിരുത്തലിൽ കുറവ് | 1-3-2 |

| | | |
|---|---|---|
| | Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | |
| 15 | വനിത ഘടകപദ്ധതിയിൽ എ).ബി.സി പ്രോഗ്രാം ഉൾപ്പെടുത്തിയിരിക്കുന്നു.<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-3-3 |
| 16 | കാഷ് ബാലൻസ്<br>Written By: Lipu Lawrence (Auditor, On 28-03-2021)<br>Last Updated By: Lipu Lawrence (Auditor, On 29-03-2021) | 1-4 |
| 17 | രസീതു പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Merlin Jacob (Auditor, On 29-03-2021)<br>Last Updated By: Zeena K (Senior Grade Auditor, On 08-04-2021) | 1-5 |
| 18 | വസ്തുനികുതി- സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Merlin Jacob (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-6 |
| 19 | തൊഴിൽനികുതി- അപാകതകൾ<br>Written By: Merlin Jacob (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-7 |
| 20 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Merlin Jacob (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-7-1 |
| 21 | ക്ഷേമപദ്ധതികൾ<br>Written By: Merlin Jacob (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-8 |
| 22 | ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ അപേക്ഷകൾ- അപാകതകൾ<br>Written By: Merlin Jacob (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-8-1 |
| 23 | വികലാംഗ പെൻഷൻ അപേക്ഷകൾ- അപാകതകൾ<br>Written By: Merlin Jacob (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-8-2 |
| 24 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ അപേക്ഷകളുടെ രജിസ്റ്റർ അപൂർണ്ണം<br>Written By: Merlin Jacob (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-8-3 |
| 25 | കേരള കർഷക തൊഴിലാളി പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.<br>Written By: Merlin Jacob (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-8-4 |
| 26 | തൊഴിൽ രഹിത വേതനം - രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Merlin Jacob (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-8-5 |
| 27 | ഹോമിയോ- 2019- 2020 വർഷ പദ്ധതികൾ-ചെലവ് രേഖകളുടെ അഭാവം-200000/-തടസ്സം ചെയ്യുന്നു<br>Written By: Merlin Jacob (Auditor, On 29-03-2021)<br>Last Updated By: Zeena K (Senior Grade Auditor, On 08-04-2021) | 1-9 |
| 28 | ആരോഗ്യമേഖല(ആയുർവേദം) - 2019-2020 വർഷ പദ്ധതികൾ<br>Written By: Merlin Jacob (Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-10 |
| 29 | ഐ സി ഡി എസ് സൂപ്പർവൈസർ പദ്ധതി നിർവ്വഹണം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 22-03-2021)<br>Last Updated By: Lipu Lawrence (Auditor, On 22-03-2021) | 1-11 |
| 30 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാർഗ്ഗരേഖ പാലിക്കുന്നില്ല | 1-11-1 |

| | | |
|---|---|---|
| | Written By: Lipu Lawrence (Auditor, On 22-03-2021)<br>Last Updated By: Lipu Lawrence (Auditor, On 28-03-2021) | |
| 31 | അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-11-2 |
| 32 | ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി സജീവമായി പ്രവർത്തിക്കേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 28-03-2021)<br>Last Updated By: Lathakumari M (Audit Officer, On 31-03-2021) | 1-11-3 |
| 33 | അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 28-03-2021)<br>Last Updated By: Lipu Lawrence (Auditor, On 28-03-2021) | 1-11-4 |
| 34 | ആസൂത്രണം ചെയ്യുന്ന പദ്ധതികൾ പൂർണ്ണമായി നടപ്പാക്കേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 28-03-2021)<br>Last Updated By: Lathakumari M (Audit Officer, On 31-03-2021) | 1-11-5 |
| 35 | പൂരക പോഷകാഹാരപദ്ധതി ആനുകൂല്യം അർഹരായ എല്ലാവർക്കും ലഭ്യമാക്കേണ്ടതാണ്.<br>Written By: Lipu Lawrence (Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-11-6 |
| 36 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതിയിലെ അപാകങ്ങൾ<br>Written By: Lipu Lawrence (Auditor, On 22-03-2021)<br>Last Updated By: Lipu Lawrence (Auditor, On 22-03-2021) | 1-12 |
| 37 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖയനുസരിച്ച് നടത്തേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 22-03-2021)<br>Last Updated By: Lipu Lawrence (Auditor, On 28-03-2021) | 1-12-1 |
| 38 | പദ്ധതി രൂപവത്ക്കരണശേഷം വക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-12-2 |
| 39 | മൃഗസംരക്ഷണം- കാഷ് ബുക്ക് പാലനത്തിലെ അപാകങ്ങൾ<br>Written By: Lipu Lawrence (Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-12-3 |
| 40 | വി ഇ ഒ നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ<br>Written By: Lipu Lawrence (Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-13 |
| 41 | ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടതാണ്.<br>Written By: Lipu Lawrence (Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-13-1 |
| 42 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കുറ്റമറ്റതാക്കേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-13-2 |
| 43 | ആസൂത്രണം ചെയ്യുന്ന എല്ലാ പദ്ധതികളും നടപ്പാക്കേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 28-03-2021)<br>Last Updated By: Lathakumari M (Audit Officer, On 31-03-2021) | 1-13-3 |
| 44 | പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി പരിപാലിക്കേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-13-4 |

| | | |
|---|---|---|
| 45 | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി/സി.എച്ച്.സി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ-അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Kosalaramadas.K (Senior Grade Auditor, On 30-03-2021)<br>Last Updated By: Zeena K (Senior Grade Auditor, On 08-04-2021) | 1-14 |
| 46 | എൽ.പി.സ്കൂളുകൾക്ക് ഫർണിച്ചർ-രേഖകൾ പരിപാലിക്കേണ്ടതാണ്.<br>Written By: Kosalaramadas.K (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-15 |
| 47 | ഡി.പി.സി അംഗീകാരം ലഭിച്ചതിന് ശേഷം നടപ്പാക്കാത്ത പദ്ധതികൾ<br>Written By: Kosalaramadas.K (Senior Grade Auditor, On 30-03-2021)<br>Last Updated By: Zeena K (Senior Grade Auditor, On 08-04-2021) | 1-16 |
| 48 | ഡി&ഒ ലൈസൻസ് -വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക് ഫീസ് ഈടാക്കിയിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-17 |
| 49 | ഡി&ഒ ലൈസൻസ്- അപേക്ഷകൾ അപൂർണ്ണം<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-17-1 |
| 50 | എസ്.സി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം-പദ്ധതി ഫയൽ ഹാജരാക്കിയിട്ടില്ല-1,73,323/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Kosalaramadas.K (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-18 |
| 51 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ-ഫയൽ ഹാജരാക്കിയിട്ടില്ല<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-19 |
| 52 | കറവ പശു വിതരണം-പദ്ധതി ലക്ഷ്യം കണ്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-20 |
| 53 | പദ്ധതി രൂപീകരണവും നടത്തിപ്പും -അവലോകനം<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-21 |
| 54 | പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-22 |
| 55 | പാലിയേറ്റീവ് പരിചരണ പദ്ധതി-സർക്കാർ ഉത്തരവ് പാലിക്കുന്നില്ല<br>Written By: Kosalaramadas.K (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-23 |
| 56 | കാർഷിക ജലസേചന സൌകര്യം പദ്ധതി-ഗുണഭോക്തൃ തെരഞ്ഞെടുപ്പ്-സുതാര്യമല്ല.<br>Written By: Kosalaramadas.K (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-24 |
| 57 | കാർഷിക മേഖലയിലെ പദ്ധതികൾ-ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: Kosalaramadas.K (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-25 |
| 58 | സ്ക്കൂൾ പ്രവേശനോത്സവം-സ്റ്റോർ പർച്ചേഴ്സ് മാന്വൽ-പാലിച്ചിട്ടില്ല<br>Written By: Kosalaramadas.K (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-26 |

| | | |
|---|---|---|
| 59 | സാക്ഷരതാ-തുടർ വിദ്യാഭ്യാസ പദ്ധതി-കൈപ്പറ്റ് രസീത്,വിനിയോഗസാക്ഷ്യ പത്രം- ലഭ്യമാക്കേണ്ടതാണ്<br>Written By: Kosalaramadas.K (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-27 |
| 60 | മെഡിക്കൽ ഓഫീസർ പി. എച്ച്. സി/സി. എച്ച്.സി-ചെലവ് രേഖകൾ ഹാജരാക്കിയില്ല-64900/-തടസ്സം ചെയ്യുന്നു.<br>Written By: Kosalaramadas.K (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-28 |
| 61 | അസ്സറ്റ് രജിസ്റ്റർ പൂർണ്ണമല്ല<br>Written By: Zeena K (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-29 |
| 62 | ഡെപ്പോസിറ്റ് ജോലികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-30 |
| 63 | തെരുവു വിളക്ക് -അറ്റ കുറ്റപ്പണി-കമ്മിറ്റി തീരുമാനം നടപ്പായില്ല.<br>Written By: Lathakumari M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-31 |
| 64 | മജിസ്ട്രേറ്റ് കോടതി -പുതുക്കിയ വാടക ഈടാക്കിയില്ല.<br>Written By: Zeena K (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-32 |
| 65 | തൊഴിലുറപ്പ് പദ്ധതി<br>Written By: Merlin Jacob (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 1-33 |
| 66 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-34 |
| 67 | രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-35 |
| 68 | മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് തുടർനടപടി സ്വീകരിച്ചില്ല.<br>Written By: Lathakumari M (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kosalaramadas.K (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 08-04-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്<br>Written By: Zeena K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 09-04-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

23.02.2019 ലെ 1-ാം നമ്പർ തീരുമാന പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു.പരിഷ്കരിച്ച ബജറ്റ് 16.03.2020 ൽ അംഗീകരിച്ചു.മുന്നിരിപ്പുൾപ്പടെ പ്രതീക്ഷിത വരവ് 630240230/-രൂപയും പ്രതീക്ഷിത ചെലവ് 598381038/-രൂപയും നീക്കിയിരിപ്പ് 31859192/-രൂപയാണ്.

ബജറ്റ് തയ്യാറാക്കുന്നതുമായിബന്ധപ്പെട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-1-1 ബജറ്റ് ശുപാർശകൾ ലഭ്യമാകാതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 (1) പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതും അതു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.എന്നാൽ ബജറ്റ് ഫയൽ പരിശോധിച്ചതിൽ ബജറ്റ് ശുപാർശകൾ ക്ഷണിച്ചു കൊണ്ട് സെക്രട്ടറി 27.12.2018 ൽ കത്തു നൽകിയെങ്കിലും ഹെഡ്മാസ്റ്റർമാരും കൃഷി ഓഫീസറും ഒഴികെ ആരും തന്നെ ബജറ്റ് നിർദ്ദേശം നൽകിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/2021 നുള്ള മറുപടിയിൽ നിർവഹണോദ്യോഗസ്ഥർ ശുപാർശകൾ നൽകാത്തതിനാൽ പ്രതീക്ഷിത വരവും ചെലവും മുൻവർഷത്തെ അടിസ്ഥാനമാക്കി ഊഹിച്ചാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നതെന്നു അറിയിച്ചിരിക്കുന്നു.

ഭാവിയിൽ അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചു കൊണ്ടു മാത്രം ബജറ്റ് തയ്യാറാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 പുതുക്കിയ ബജറ്റ് അംഗീകരിച്ചത് ക്രമപ്രകാരമല്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവു ചെയ്യുന്നതിനായി അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്.ആക്ടിലെ 214(5) പ്രകാരം ബജറ്റിൽ ഇല്ലാത്ത ചെലവ് ചെയേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അംഗീകരിച്ച് അനുവാദം നേടേണ്ടതാണ്.അടുത്ത വർഷത്തെ ബജറ്റിനോടെപ്പം തന്നാണ്ടിൽ ബജറ്റിൽ വകിരുത്താത്ത തുകകൾ ചെലവു ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് പുതുക്കിയ ബജറ്റായി കണക്കാകുവാൻ പാടില്ലായെന്നിരിക്കെ 16.03.2020 ൽ പുതുക്കിയ ബജറ്റ് അംഗീകരിച്ചത് ക്രമപ്രകാരമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/2021 ന് 16.03.2020 ലെ ജനറൽ കമ്മിറ്റിയിൽ അംഗീകരിച്ചുവെന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്.

ഭാവിയിൽ നിയമം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 ലെ നിർദ്ദേശങ്ങൾ അനുശാസിക്കും വിധത്തിലുള്ള ബജറ്റ് തയ്യാറാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

### 1-1-3 വരവില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കിയിരിക്കുന്നു

വരവില്ലാത്ത ഇനങ്ങളിൽ വരവ് ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ബജറ്റിൽ രേഖപ്പെടുത്തിയ തുക | ധനകാര്യപത്രിക പ്രകാരം ഡിമാന്റ്/വരവ് വന്ന തുക |
|---|---|---|---|
| 1103001 | പരസ്യനികുതി | 45000/- | 0 |
| 1303001 | ആഡിറ്റോറിയം/ഹാൾ വാടക | 50000/- | 0 |
| 1304001 | പഞ്ചായത്ത് സ്വത്തുകളുടെ ദിവസ വാടക | 7000/- | 0 |

ഇല്ലാത്തയിനങ്ങൾക്ക് വരവ് പ്രതീക്ഷിച്ചു കൊണ്ട് ബജറ്റ് തയ്യാറാക്കിയിരിക്കുന്നതിനു വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/2021 നുള്ള മറുപടിയിൽ പ്രസ്തുത വരവുകൾ പ്രതീക്ഷിത വരുമാനമായി കണക്കാക്കിയാണ് ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതൊന്നു അറിയിച്ചിരിക്കുന്നു.

ഭാവിയിൽ യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 06.05.2020 | -- | -- |

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-2-1 KURDFC ലോൺ തുകകൾ പൊരുത്തപ്പെടുന്നില്ല

A) വാർഷിക ധനകാര്യപത്രിക RP 45 പ്രകാരം Prepaid Expenses 4740000/-രൂപ ചെലവായികാണിച്ചിരിക്കുന്നു.എന്നാൽ സെക്രട്ടറിയുടെ ചെലവ് പത്രിക പ്രകാരം KURDFC Loan ഇനത്തിൽ 4750000/-രൂപയുടെ അടവ് വന്നതായും രേഖപ്പെടുത്തിയിരിക്കുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/ഫണ്ട് | ചെലവ് തുക |
|---|---|
| Project No.289 /വികസന ഫണ്ട്(ജനറൽ) | 2286764 |
| Project No.290 /വികസന ഫണ്ട്(ജനറൽ) | 2286765 |
| Project No.291 /വികസന ഫണ്ട്(എസ്.സി.പി) | 88235 |
| Project No.292 /വികസന ഫണ്ട്(എസ്.സി.പി)) | 88236 |
| ആകെ | 4750000/- |

B) മുൻ വർഷത്തെ(2018-19) വാർഷിക ധനകാര്യപത്രിക പ്രകാരം B 5 Secured Loans നീക്കിയിരിപ്പായി 63898579/-രൂപയും തൻവർഷം KURDFC Loanവരവായി 4721421/-രൂപ ((RP 32 Secured Loans)യും തൻ വർഷം തിരിച്ചടവായി 4740000/-രൂപ (RP 45 Prepaid Expenses)യും കാണിച്ചിരിക്കുന്നു.അതു പ്രകാരം നീക്കിയിരിപ്പ് 63880000/-രൂപയാണ് വരേണ്ടത്.എന്നാൽ തൻവർഷ നീക്കിയിരിപ്പായി B 5 Secured Loans പ്രകാരം 63870000/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/2021 ന വ്യക്തതയില്ലാത്ത മറുപടിയാണ് ഹാജരാക്കിയിരിക്കുന്നത്.10000/-അധികം ചെലവായി ചെലവു പത്രികയിലും ഇതേ തുക തന്നെ കുറവായി തൻവർഷ നീക്കിയിരിപ്പായി B 5 Secured Loans ലും കാണിച്ചിരിക്കുന്നു.

ലോൺ രജിസ്റ്റർ പരശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.വാർഷികധനകാര്യപത്രികയിലെ തുകകളുടെ അടിസ്ഥാനത്തിലാണ് വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-2-2 ലൈബ്രറി സെസ് തുക ഒടുക്കിയിട്ടില്ല

Library Cess ഇനത്തിൽ നീക്കിയിരിപ്പായ 211074/-രൂപയും GSTയിനത്തിൽ നീക്കിയിരിപ്പായ 36870/-രൂപയും അടവാക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നു.പ്രസതുത തുക ഒടുക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-2-3 സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിക്കാത്ത തുകകൾ തിരികെ ഒടുക്കിയില്ല.

3.01.2017 ലെ ജി.ഒ(പി) നം 7/2017 ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിക്കാത്ത തുകകൾ തിരികെ അവ അനുവദിച്ച തദ്ദേശസ്ഥാപനത്തിൽ ഒടുക്കണമെന്നിരിക്കെ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | അവശേഷിക്കുന്ന തുക |
|---|---|
| ജില്ലാ പഞ്ചായത്ത് | 415839 |
| ബ്ലോക്ക് പഞ്ചായത്ത് | 1327840 |

പ്രസ്തുത തുക തിരികെ അവ അനുവദിച്ച തദ്ദേശസ്ഥാപനത്തിൽ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-2-4 തനതു ഫണ്ടിൽ നീക്കിയിരിപ്പായ തുകകൾ ചെലവഴിക്കേണ്ടതാണ്.

ചുവടെ ചേർക്കുന്ന തുകകൾ തനതു ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു.അവ ചെലവഴിക്കുന്നതിനോ തിരിച്ചടയ്ക്കുന്നതിനോയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഇനം | അവശേഷിക്കുന്ന തുക |
|---|---|
| Biodiversity | 299205/- |
| Suchithwa Mission | 1099480/- |
| Challenge Fund | 1120578/- |
| Total Sanitation | 899958 |

## 1-2-5 എ. എഫ്. എസ്. ൽ റേഷ്യോസ് ഉൾപ്പെടുത്തിയിട്ടില്ല

കാട്ടാക്കട ഗ്രാമപ്പഞ്ചായത്തിന്റെ 2019 – 20 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച പത്രിക ചേർത്തിട്ടില്ല.

## 1-2-6 തൊഴിലുറപ്പ് പദ്ധതി --വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 29469 | 1721859 | 1751328 | 1751328* | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 82112500 | 82112500 | 82112500 | 0 |
| ആകെ | 29469 | 83834359 | 83863828 | 83843146 | 0 |

A) 2018-19 സാമ്പത്തിക വർഷത്തെ B 4 Schedule പ്രകാരം MGNREGS നീക്കിയിരിപ്പായി 28469/-രൂപയെന്നും 2019-20 RP 40(A) പ്രകാരം MGNREGS മുന്നിരിപ്പായി 29469/-രൂപയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/2021 നുള്ള മറുപടിയിൽ ഒരു തൊഴിലാളിയുടെ ഇൻസെന്റീവായ 1000/- രൂപ ട്രാൻസ്ഫർ ആകാതെ ക്രെഡിറ്റിൽ വന്നതാണെന്നും പ്രസ്തുത തുക സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം ഹെഡിലാണ് വരവ് വന്നിരിക്കുന്നതെന്നും മറുപടി ഹാജാരാക്കിയിരിക്കുന്നു.

B).*RP 40(A) പ്രകാരം മുന്നിരിപ്പ് 29469/-രൂപയും, RP 31 പ്രകാരം വരവ് 1721859/-രൂപയും ചെലവ് RP 16 പ്രകാരം 1730646 /-രൂപയുമായിരിക്കെ നീക്കിയിരിപ്പ് 20682/-രൂപ വരേണ്ടതാണ്.എന്നാൽ RP 40(B) പ്രകാരം നീക്കിയിരിപ്പില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/2021 നുള്ള മറുപടിയിൽ 7500/-രൂപ എം.ജി.എൻ.ആർ.ഇ.ജി.എസ് കരാർ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയായും 1000/-രൂപ തിരികെ ഇൻസെന്റീവായി വന്ന തുക തൊഴിലാളിക്ക് നൽകിയതായും ബാക്കിയുള്ള 12182/-രൂപ എം.ജി.എൻ.ആർ.ജി.എസ് അക്കൗണ്ടിൽ തിരികെ ഒടുക്കിയതായും അറിയിച്ചിരിക്കുന്നു. (1730646 + 7500 + 1000 + 12182 = 1751328)

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19543471 | 19543471 | 18682288 | 861183 | ACR പ്രകാരമുള്ള ചെലവ് |
| വികസനഫണ്ട് (എസ്.സി.പി) | 0 | 11060529 | 11060529 | 7510891 | 3549638 | “ |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 330000 | 330000 | 234922 | 95078 | “ |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 18437545 | 18437545 | 6350091 | 12087454 | “ |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 28928000 | 28928000 | 10697445 | 18230555 | “ |
| മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 0 | 6975000 | 6975000 | 4894427 | 2080573 | “ |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | |
| ലൈബ്രറി ഗ്രാന്റ് | 0 | 29520 | 29520 | 28240 | 1280 | |
| സാക്ഷരത | 2367 | 81 | 2448 | 0 | 2448 | |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 | |
| ബയോഡൈവേഴ്സിറ്റി | 10000 | 946338 | 956338 | 657133 | 299205 | |
| ചലഞ്ച് ഫണ്ട് | 0 | 1120578 | 1120578 | 0 | 1120578 | |
| കേന്ദ്രാവിഷ്കൃത ഫണ്ട്(ഇനം തിരിച്ച്) | | | | | | |
| എൻ.ആർ.ഇ.ജി.എ | 29469 | 1721859 | 1751328 | 1751328 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.സ് | 176126 | 946338 | 1122464 | 1106401 | 16063 | |
| ശുചിത്വ മിഷൻ | 1446260 | 492000 | 1938260 | 838780 | 1099480 | |
| മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ | 1092571 | 0 | 1092571 | 134308 | 958263 | |

## 1-3-1 വികസന ഫണ്ടിന്റെ മേഖല വകയിരുത്തലും പ്രത്യേക പദ്ധതികളുടെ വിഹിതം നിശ്ചയിക്കലും-വനിതഘടക പദ്ധതിവകയിരുത്തലിൽ കുറവ്

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ 20.01.2018 ലെ സ.ഉ (കൈ) നം 11/2018 തസ്വഭവ 5.4.1(8) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 10% വനിതഘടക പദ്ധതിയിക്ക് വകയിരുത്തണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

വനിത ഘടക പദ്ധതി

| | |
|---|---|
| വികസന ഫണ്ടിലെ ആകെ അടങ്കൽ | 42183112 |
| വനിതഘടക പദ്ധതി അടങ്കൽ | 3683625 |
| വകയിരുത്തൽ ശതമാനം | 8.73% |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 7/2021 മറുപടി-ഹാജരാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ 20.01.2018 ലെ സ.ഉ (കൈ)നം. 11/2018 തസ്വഭവ 5.4.1(8) പ്രകാരമുള്ള വകയിരുത്തലുകൾ നടത്തുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-3-2 വികസന ഫണ്ടിന്റെ മേഖല വകയിരുത്തലും പ്രത്യേക പദ്ധതികളുടെ വിഹിതം നിശ്ചയിക്കലും-വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയറിനും വകയിരുത്തലിൽ കുറവ്

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ 20.01.2018 ലെ സ.ഉ(കൈ)നം 11/2018 തസ്വഭവ 5.4.1(11) പ്രകാരം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയിൽ നിന്നും ഏറ്റവും കുറഞ്ഞത് 5% വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയറിനും വകയിരുത്തണമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള വകയിരുത്തലുകൾ നടന്നിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

വയോജനങ്ങളുടെ ക്ഷേമം & പാലിയേറ്റീവ് പരിചരണം

| | |
|---|---|
| വികസന ഫണ്ടിലെ ആകെ അടങ്കൽ | 42183112 |
| വയോജനങ്ങളുടെ ക്ഷേമപദ്ധതി അടങ്കൽ | 482700 |
| പാലിയേറ്റീവ് പരിചരണപദ്ധതി അടങ്കൽ | 1084000 |
| ആകെ | 1566700 |
| വകയിരുത്തൽ ശതമാനം | 3.71% |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 7/2021 മറുപടി-ഹാജരാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ 20.01.2018 ലെ സ.ഉ (കൈ)നം 11/2018 തസ്വഭവ 5.4.1(8) പ്രകാരമുള്ള വകയിരുത്തലുകൾ നടത്തുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-3-3 വനിത ഘടകപദ്ധതിയിൽ എ.ബി.സി പ്രോഗ്രാം ഉൾപ്പെടുത്തിയിരിക്കുന്നു.

സ്ഥാപനം ഹാജരാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ എ.ബി.സി പ്രോഗ്രാം വനിതഘടക പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു.ഇതു ഉചിതമല്ല.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 7/2021 മറുപടി ഹാജരാക്കിയിട്ടില്ല.

പദ്ധതികളിൽ തുക വകയിരുത്തുമ്പോൾ ഭരണസമിതിയും ഉദ്യോഗസ്ഥന്മാരും അതീവ ജാഗ്രത പാലിക്കേണ്ടതാണ്.

## 1-4 കാഷ് ബാലൻസ്

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.03.2021, 1.00 PMന് സ്ഥാപന മേധാവിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 26954/- (ഇരുപത്തി ആറായിരത്തി തൊള്ളായിരത്തി അൻപത്തി നാല് ) രൂപയുടെ ക്യാഷ് ബാലൻസ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-5 രസീതു പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

താഴെപ്പറയുന്ന രസീതു ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം-35 -ന മറുപടി ഹാജരാക്കിയിട്ടില്ല.

| രസീതു ബുക്ക് നമ്പർ |
|---|
| 38986, 38988, 38990<br>13552, 13553, 13566, 13567, 13568 |

ആയവ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-6 വസ്തുനികുതി- സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

സ.ഉ (കൈ) നം.106/2017/ തസ്വഭവ തീയതി 26/05/2017 പ്രകാരം നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയ വിമുക്തഭടന്മാരുടെ വീടുകൾക്ക് ഓരോ വർഷവും മാർച്ച് 31 ന മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. 2019-2020 സാമ്പത്തിക വർഷം ഇപ്രകാരം സമർപ്പിച്ച സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 03/20.03.2021 ന മറുപടി ലഭ്യമാക്കിയില്ല.

## 1-7 തൊഴിൽനികുതി- അപാകതകൾ

2019-2020 സാമ്പത്തിക വർഷത്തെ സ്ഥാപനതൊഴിൽനികുതി രജിസ്റ്റർ, പത്രികകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1 . നിർദ്ദിഷ്ട മാതൃകയിൽ പത്രിക സമർപ്പിച്ചിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , ചട്ടം 14,16 പ്രകാരം ഫാറം നമ്പർ II മാതൃകയിലുള്ള പത്രികയിൽ വേണം സ്ഥാപനങ്ങൾ പത്രികകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റ് മാസ്റ്റർ പൂജപ്പുര, HPO | 1,2 |
| 2 | KSEB കാട്ടാക്കട( ഓഫീസ് ഓഫ് ചീഫ് എൻജിനീയർ, ട്രാൻസ്മിഷൻ സർക്കിൾ) | 1,2 |
| 3 | ഓഫീസ് ഓഫ് ജി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് , കാട്ടാക്കട | 1 |
| 4 | എക്സൈസ് ചീഫ് പോസ്റ്റ്, മണ്ഡപത്തിൻകടവ് | 1 |
| 5 | കാനറ ബാങ്ക് | 1 |
| 6 | സബ് ആർ ടി ഓഫീസ് , കാട്ടാക്കട | 1 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 15/22.03.2021 ന ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് ഉടനെ സമർപ്പിക്കുന്നതാണെന്നു മറുപടി നൽകി.

തൊഴിൽ നികുതി ഈടാക്കുന്നതിലെ കൃത്യത ഉറപ്പുവരുത്താൻ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , വകുപ്പ് 205 (2) പ്രകാരം ഓരോ വർഷവും ആഗസ്റ്റ് മാസത്തിന്റേയും ഫെബ്രുവരി മാസത്തിന്റേയും അവസാനത്തിന് മുമ്പ് ഓരോ ആഫീസ് മേധാവിയും തൊഴിലുടമയും, നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. എന്നാൽ ലഭ്യമാക്കിയിരിക്കുന്ന രജിസ്റ്റർ പ്രകാരം ചുവടെ തന്നിരിക്കുന്ന സ്ഥാപനങ്ങൾ നികുതി ഈ സമയപരിധിക്കുള്ളിൽ അടച്ചിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം | രജിസ്റ്റർ പ്രകാരം നികുതി ഒടുക്കിയ തീയതി |
|---|---|---|---|
| 1 | ICICI ബാങ്ക്, കാട്ടാക്കട | 2 | 07/05/2020 |
| 2 | ട്രിവാൻഡ്രം ടാറ്റാ മോട്ടോഴ്സ് | 2 | 26/05/2020 |
| 3 | ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇ-ബ്രാഞ്ച് | 2 | 12/08/2020 |
| 4 | കാനറ ബാങ്ക് | 1 | 15/10/2019 |
| 5 | GHSS കുളത്തുമ്മൽ | 2 | 08/05/2020 |
| 6 | പങ്കജകസ്തൂരി ആയുർവേദ മെഡിക്കൽ കോളേജ് | 2 | 04/05/2020 |

ഇപ്രകാരം സ്ഥാപനതൊഴിൽ നികുതി സമയബന്ധിതമായിഅടയ്ക്കുന്നതിൽ 2018-2019 സാമ്പത്തിക വർഷത്തിൽ വീഴ്ച വരുത്തിയ എല്ലാ സ്ഥാപനങ്ങൾക്കും എതിരെ സെക്രട്ടറി 1994 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , വകുപ്പ് 205 കെ പ്രകാരം സ്വീകരിച്ച നടപടി ക്രമങ്ങളെപ്പറ്റിയുള്ള വിശദാംശങ്ങളും സ്ഥാപനങ്ങളുടെ പട്ടികയും അനുബന്ധ രേഖകളും ചോദിച്ച കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി 15/22.03.2021 ന പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന പിഴപ്പലിശ കൂടി ഈടാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്.

സ്ഥാപനങ്ങളിൽ നിന്നും സമയബന്ധിതമായി നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

<u>3. നികുതി അടച്ചിട്ടില്ല.</u>

ലഭ്യമാക്കിയിരിക്കുന്ന രജിസ്റ്റർ പ്രകാരം ചുവടെ തന്നിരിക്കുന്ന സ്ഥാപനങ്ങൾ നികുതി അടച്ചിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | MGNREG കാട്ടാക്കട | 1 |
| 2 | കാനറ ബാങ്ക് | 2 |
| 3 | എക്സൈസ് ചെക്ക്പോസ്റ്റ് മണ്ഡപത്തിൻകടവ് | 2 |
| 4 | ഇൻഡസ് ലാന്റ് മാർക്കെറ്റിംഗ് & ഫിനാൻഷ്യൽ സർവ്വീസ് പ്രൈ. ലി. | 2 |
| 5 | പോലീസ് സ്റ്റേഷൻ കാട്ടാക്കട | 2 |
| 6 | KSRTC കാട്ടാക്കട | 2 |

ഇത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 15/22.03.2021 ന പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന പിഴപ്പലിശ കൂടി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

പട്ടിക പ്രകാരം ഉള്ള എല്ലാ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ 20ലെ ചട്ടം 16(1) പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ ശമ്പളത്തെയോ സംബന്ധിച്ച വിവരം ഫോറം I ൽ ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന എൻക്വയറി നമ്പർ 01/19.03.2021 ക്ക മറുപടിയായി ആവശ്യപ്പെട്ടിട്ടുണ്ടെന്ന മറുപടി നൽകിയെങ്കിലും പ്രസ്തുത സ്ഥാപനങ്ങളുടെ ഫോറം I പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ചട്ടം 18 പ്രകാരമുള്ള ഫോറം III ലുള്ള ഡിമാന്റ് നോട്ടീസ് എല്ലാ സ്ഥാപനങ്ങൾക്കും നൽകിയതിന്റെ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിച്ചിട്ടില്ല. ഇവയുടെ വിശദാംശങ്ങൾ ചോദിച്ചുകൊണ്ടുള്ള എൻക്വയറി നമ്പർ 01/19.03.2021 ന മറുപടി ഡ്യൂപ്ലിക്കേറ്റ് സൂക്ഷിച്ചിട്ടുണ്ടെന്ന നൽകിയെങ്കിലും പ്രസ്തുത സ്ഥാപനങ്ങളുടെ ഡിമാന്റ് നോട്ടീസിന്റെ ഡ്യൂപ്ലിക്കേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. സ്ഥാപന മേധാവി സമർപ്പിക്കേണ്ട അർദ്ധവാർഷികങ്ങളിലെ പത്രിക താഴെപ്പറയുന്ന സ്ഥാപനങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയ പത്രികൾ പ്രകാരം സമർപ്പിച്ചിട്ടില്ല എന്ന കാണുന്നു. പ്രസ്തുത പത്രികയുടെ അഭാവത്തിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പോപ്പുലർ വെഹിക്കിൾസ് ആന്റ് സർവ്വീസസ് | 2 |
| 2 | എസ് ബി ഐ, കുളത്തുമ്മൽ | 2 |

ഇത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 15/22.03.2021 ന പത്രിക വാങ്ങി സൂക്ഷിക്കുന്നതാണെന്നും ഓഡിറ്റ് മുൻപാകെ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

പത്രികകൾ സ്ഥാപനങ്ങൾ കൃത്യമായി സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

5. സ്ഥാപന മേധാവി സമർപ്പിക്കേണ്ട അർദ്ധവാർഷികങ്ങളിലെ പത്രികകളിൽ ആയുഷ് ഹോമിയോ ഡിസ്പെൻസറി എന്ന സ്ഥാപനം ലഭ്യമാക്കിയ പത്രിക അപൂർണ്ണം എന്ന കാണുന്നു. പ്രസ്തുത പത്രികയിലെ അപാകത മൂലം തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

ഇത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 15/22.03.2021 ന വിവരങ്ങൾ ശേഖരിച്ച് ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

6. കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ ബാങ്ക് ഓഫ് ഇന്ത്യാ എന്ന സ്ഥാപനത്തിലെ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ശ്രീ. സന്തോഷ് കുമാർ -നെ PH ആയതിനാൽ ഒഴിവാക്കിയിരിക്കുന്നു. എന്നാൽ ശ്രീ. സന്തോഷ് കുമാർ -ന്റെ മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിരിക്കുന്ന പത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.

ഇത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 15/22.03.2021 ന സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

7. 2019-2020 സാമ്പത്തിക വർഷം ഒന്നാം അർധവർഷം സമർപ്പിച്ച പത്രികകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതിൽ കാണുന്നു.

| ക്രമ നം. | സ്ഥാപനം/ സ്ഥാപന മേധാവി | പേര് / ഉദ്യോഗപ്പേര് | വരവ് | ആകെ | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | പോസ്റ്റ് മാസ്റ്റർ പൂജപ്പുര, HPO | സരള ഭായ് സി | അടിസ്ഥാന ശമ്പളം - 13530/-<br>ക്ഷാമബത്ത - 2300/-<br>ബോണസ്- 13140/- | 108120/- | 750/- | 1000/- | 250/- |
| 2 | മാക്സ് വാല്യൂ ക്രെഡിറ്റ്സ് &ഇൻവസ്റ്റ് മെന്റ് ലി. | സുചിത്ര എസ് എസ് | അടിസ്ഥാന ശമ്പളം - 9500/-<br>ക്ഷാമബത്ത - 3000/- | 75000/- | 600/- | 750/- | 150/- |
| | | സാൻഫിയ | അടിസ്ഥാന ശമ്പളം - 9500/-<br>ക്ഷാമബത്ത - 3000/- | 75000/- | 450/- | 750/- | 300/- |
| | | ഷാനി ബി വി | അടിസ്ഥാന ശമ്പളം - 9500/-<br>ക്ഷാമബത്ത - 3000/- | 75000/- | 450/- | 750/- | 300/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 15/22.03.2021 ന പ്രസ്തുത ജീവനക്കാരിൽ നിന്നും കറവായി ഈടാക്കിയ തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

പ്രസ്തുത അപാകത പരിഹരിച്ച് നികുതി പിഴയടക്കം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-7-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019- 2020 സാമ്പത്തിക വർഷം പഞ്ചായത്തുപരിധിയിൽ വിവിധ നിർമ്മാണപ്രവർത്തികളിൽ ഏർപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ അനുബന്ധരേഖകളോടൊപ്പം ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 22/23.03.2021 ന മറുപടി 2019-2020 സാമ്പത്തിക കരാറുകാരാരും തന്നെ വർഷം 60ഓ അതിൽ കൂടുതലോ കാലയളവിൽ പ്രവൃത്തി നടത്തിയിട്ടില്ലായെന്നാണ് നൽകിയത്. കരാറുകാരുടെ ലിസ്റ്റ് ഏറ്റെടുത്തപ്രവൃത്തികൾ, കാലയളവ് എന്നിവ കൃത്യമായി രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 386640 | ലഭ്യമാക്കിയിട്ടില്ല |
| കർഷകതൊഴിലാളി പെൻഷൻ | 2558400 | ലഭ്യമാക്കിയിട്ടില്ല |
| വിധവാപെൻഷൻ | 10324200 | ലഭ്യമാക്കിയിട്ടില്ല |
| വാർദ്ധക്യകാലപെൻഷൻ | 20597100 | ലഭ്യമാക്കിയിട്ടില്ല |
| വികലാംഗപെൻഷൻ | 2886200 | ലഭ്യമാക്കിയിട്ടില്ല |
| വിധവകളുടെ പെൺമക്കൾക്കുള്ളധനസഹായം | 630000 | ലഭ്യമാക്കിയിട്ടില്ല |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 444600 | ലഭ്യമാക്കിയിട്ടില്ല |

ക്ഷേമപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-8-1 ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ അപേക്ഷകൾ- അപാകതകൾ

| ക്രമ നം. | ഫയൽ നം. | പേര് | അന്വേഷണത്തിനു നൽകിയ തീയതി | അപാകത |
|---|---|---|---|---|
| 1 | 2732 Dtd 03/04/2019 | വേണുകുട്ടൻ നായർ | 16/04/2019 | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 2 | 2961 Dtd 12/04/2019 | രഘുനാഥൻ | 16/04/2019 | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 3 | 3112 Dtd 25/04/2019 | വത്സല ജെ | 02/05/2019 | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 4 | 4403 Dtd 11/06/2019 | ജയറാണി ഡി | 17/06/2019 | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 5 | 1590 Dtd 24/02/2020 | തങ്കപ്പൻ സി | രേഖപ്പെടുത്തിയിട്ടില്ല | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |

ഇു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (34/26.03.2021) മറുപടി ലഭ്യമാക്കിയില്ല.

പ്രസ്തുത അപാകതകൾ ഉടനെ പരിഹരിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-8-2 വികലാംഗ പെൻഷൻ അപേക്ഷകൾ- അപാകതകൾ

1) വികലാംഗ പെൻഷൻ ചട്ടങ്ങൾ പ്രകാരം അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണ് . എന്നാൽ 2019-2020 സാമ്പത്തിക വർഷത്തിൽ ലഭ്യമായ താഴെപ്പറയുന്ന അപേക്ഷകളിന്മേൽ ഈ സമയപരിധി പാലിക്കപ്പെട്ടിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | പേര് | മെഡിക്കൽ ഓഫീസറിനു നൽകിയ തീയതി | തിരികെ ലഭിച്ച തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 2869 Dtd 09/04/2019 | സജി | 28/04/2019 | 01/08/2019 | നടപടി സ്വീകരിച്ചിട്ടില്ല. |
| 2 | 3109 Dtd 25/04/2019 | രതദാസ് ബി ജെ | 28/04/2019 | 01/08/2019 | നടപടി സ്വീകരിച്ചിട്ടില്ല. |

ഇു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (34/26.03.2021) മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. അപേക്ഷ തീർപ്പാക്കുന്ന ഏതൊരു ഘട്ടത്തിലെയും കാലതാമസം ഒഴിവാക്കേണ്ടതാണ്.

പ്രസ്തുത അപാകതകൾ ഉടനെ പരിഹരിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

2) രജിസ്റ്ററിൽ അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം | പേര് | അന്വേഷണത്തിനു നൽകിയ തീയതി | റിമാർക്കസ് | അപാകത |
|---|---|---|---|---|---|
| 1 | 6323 Dtd 08/08/2019 | സുകു എ | 19/08/2019 | അപ്രൂവ്ഡ് | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 2 | 6659 Dtd 21/08/2019 | വിജിൻ വിൻസെന്റ് | 09/10/2019 | അപ്രൂവ്ഡ് | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |

ഇു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (34/26.03.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-8-3 ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ അപേക്ഷകളുടെ രജിസ്റ്റർ അപൂർണ്ണം

2019-2020 സാമ്പത്തിക വർഷത്തെ വിധവാ പെൻഷൻ അപേക്ഷകളുടെ രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും അപേക്ഷകൾ തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ നിരസിച്ചതിന്റെ കാരണം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. . ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | പേര് | അന്വേഷണത്തിനു നൽകിയ തീയതി | അപാകത |
|---|---|---|---|---|
| 1 | 2839 Dtd 08/04/2019 | ഷീബ എസ് | 09/04/2019 | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 2 | 3001 Dtd 16/04/2019 | ഖദീജ | 26/04/2019 | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 3 | 3360 Dtd 04/05/2019 | ലത ഡി | 09/05/2019 | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 4 | 3682 Dtd [illegible] | സുജാത ജെ | 24/05/2019 | അന്വേഷണ ഉദ്യോഗസ്ഥനിൽ |

| | | | | |
|---|---|---|---|---|
| | 15/05/2019 | | | നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 5 | 3735 Dtd 16/05/2019 | ഷൈലജ എ | 24/05/2019 | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 6 | 3792 Dtd 18/05/2019 | കിരൺ സോഫിയ | 24/05/2019 | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 7 | 3616 Dtd 13/05/2019 | ചന്ദ്രികാകുമാരി എസ് | 24/05/2019 | 08/07/2019 ൽ നിരസിച്ചുവെങ്കിലും കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 8 | 3867 Dtd 21/05/2019 | മിനി റ്റി | 24/05/2019 | 08/07/2019 ൽ നിരസിച്ചുവെങ്കിലും കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 9 | 4154 Dtd 31/05/2019 | ഇന്ദിര ജി | 10/06/2019 | 08/07/2019 ൽ നിരസിച്ചുവെങ്കിലും കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 10 | 5239 Dtd 08/07/2019 | വിദ്യ എസ് | 22/07/2019 | 05/08/2019 ൽ നിരസിച്ചുവെങ്കിലും കാരണം രേഖപ്പെടുത്തിയിട്ടില്ല |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (34/26.03.2021) മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കേണ്ടതാണ്.

പ്രസ്തുത അപാകത ഉടനെ പരിഹരിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-8-4 കേരള കർഷക തൊഴിലാളി പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.

കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങൾ പ്രകാരം അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണ് (ചട്ടം 7 ബി). എന്നാൽ 2019-2020 സാമ്പത്തിക വർഷം താഴെപ്പറയുന്ന അപേക്ഷകളിന്മേൽ ഈ സമയപരിധി പാലിക്കപ്പെട്ടിട്ടില്ല.

| ക്രമ നം. | ഫയൽ നം. | പേര് | അന്വേഷണത്തിനു നൽകിയ തീയതി | അപാകത |
|---|---|---|---|---|
| 1 | 110 Dtd 05/01/2019 | സോമണി ജെ | 24/01/2019 | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 2 | 542 Dtd 23/01/2019 | സരോജം റ്റി | 24/01/2019 | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 3 | 5510 Dtd 16/07/2019 | വസന്ത വി | 08/08/2019 | അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 4 | 951 Dtd 03/02/2020 | ഓമന ഡി | 28/02/2020 | നടപടി സ്വീകരിച്ചിട്ടില്ല |
| 5 | 1288 Dtd 13/02/2020 | ശശി ജെ | 28/02/2020 | നടപടി സ്വീകരിച്ചിട്ടില്ല |

2019-2020 സാമ്പത്തിക വർഷത്തെ കേരള കർഷക തൊഴിലാളി പെൻഷൻ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (34/26.03.2021) മറുപടി ലഭ്യമാക്കിയില്ല.

അപേക്ഷകൾ തീർപ്പാക്കുന്നതിൽ കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടം 7 ബി പ്രകാരം ഉള്ള സമയക്രമം കർഷകർക്ക് അർഹമായ ധനസഹായം ലഭ്യമാക്കുന്നതിനു പാലിക്കേണ്ടതാണ്. ഇപ്രകാരം ഉണ്ടാകുന്ന കാലതാമസം കേരള കർഷക

തൊഴിലാളി പെൻഷൻ പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയെ തന്നെ സാരമായി ബാധിക്കുന്നു. രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കേണ്ടതാണ്.

പ്രസ്തുത അപാകത ഉടനെ പരിഹരിക്കുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-8-5 തൊഴിൽ രഹിത വേതനം - രേഖകൾ ഹാജരാക്കിയിട്ടില്ല

2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ രഹിത വേതനവുമായി ബന്ധപ്പെട്ട രേഖകളും അപേക്ഷകൾ, രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (34/26.03.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-9 ഹോമിയോ- 2019- 2020 വർഷ പദ്ധതികൾ-ചെലവ് രേഖകളുടെ അഭാവം-200000/- തടസ്സം ചെയ്യുന്നു

ചെലവ് രേഖകളുടെയും ഫയലുകളുടെയും അഭാവത്തിൽഹോമിയോ ഡോക്ടർനിർവ്വഹിച്ച 2019-2020 വർഷത്തെ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവ് 200000/-തടസ്സം ചെയ്യുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | വിഭാഗം | ഫണ്ട് | അടങ്കൽ തുക | ചെലവ് |
|---|---|---|---|---|---|---|
| 1 | 7/2019-2020 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - NEW | പൊതുവിഭാഗം | മെയിന്റനസ് ഫണ്ട് - റോഡിതരം | 100000/- | 100000/- |
| 2 | 215/2019-2020 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - SO | പൊതുവിഭാഗം | മെയിന്റനസ് ഫണ്ട് - റോഡിതരം | 100000/- | 100000/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 38/26.03.2021-യ്ക്ക് മറുപടി നൽകിയില്ല.
അടിയന്തിരമായി രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.അല്ലാത്ത പക്ഷം പ്രസ്തുത തുക നിരാകണമായി മാറുന്നതാണ്.

## 1-10 ആരോഗ്യമേഖല(ആയുർവേദം) - 2019-2020 വർഷ പദ്ധതികൾ

2019-2020 സാമ്പത്തിക വർഷത്തെ ആയുർവേദമെഡിക്കൽ ഓഫീസറുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. 2019-2020 വർഷ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2. പ്രൊജക്ട് നമ്പർ 25,26,27,28 എന്നിവയ്ക്ക് ആവശ്യമായ മരുന്നുകൾ ആവശ്യപ്പെട്ടുകൊണ്ട് ഔഷധിയ്ക്ക് അയച്ച കത്തിന്റെ പകർപ്പ്, ഇന്റന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി 31/25.03.2021 ന കത്ത്, ഇന്റന്റ് എന്നിവയുടെ പകർപ്പ് സൂക്ഷിച്ചിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്.

3. പ്രോജക്ട് നമ്പർ 31/20- സ്ത്രീകൾക്ക് യോഗാപരിശീലനത്തിന് പൊതുവിഹിതമായി ലഭ്യമായ 90000/- രൂപയിൽ 46950/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഇപ്രകാരം പദ്ധതി വിഹിതം 52.17 % മാത്രം ചെലവഴിക്കാൻ കാരണം ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി 31/25.03.2021 ന മറുപടിയായി യോഗപരിശീലന പദ്ധതി ആരംഭിക്കുവാൻ വൈകിയതിനാലും അവസാന ഘട്ടത്തിൽ ഫണ്ട് ലഭ്യത കുറവും കൊണ്ടാണ് എന്നാണ് മറുപടി നൽകിയത്. പദ്ധതികൾ നടപ്പിലാക്കുന്നതിലും കൃത്യ സമയത്ത് ഫണ്ട് ലഭ്യമാക്കുന്നതിലും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

4. പ്രൊജക്ട് നമ്പർ 25, 26, 27, 28 എന്നിവയ്ക്ക് ഔഷധിയുമായി മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ കരാർ പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 31/25.03.2021 ന മറുപടിയായി ഔഷധിയുമായി കരാർ മുദ്രപ്പത്രത്തിൽ തയ്യാറാക്കായിട്ടില്ലെന്നും മേൽ അപാകത വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്നും മറുപടി നൽകി.

5. പ്രോജക്ട് നമ്പർ 31/20 -സ്ത്രീകൾക്ക് യോഗാപരിശീലനം പദ്ധതി രൂപികരിച്ചത് 150 പേർക്ക് 25 പേരുടെ 6 ബാച്ചുകളായി 30 ദിവസത്തെ പരിശീലനം ഒരു ദിവസം ഒരാൾക്ക് 2 മണിക്കൂർ വീതം പരിശീലകനെ നിയമിച്ച് യോഗാപരിശീലനം നൽകുന്നതിനായിട്ടും യോഗ തുടർന്ന് ചെയ്യുന്നതിനായി അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നതിനുമാണ്.

A) പ്രസ്തുത പരിശീലന പദ്ധതിയിൽ ലഭ്യമാക്കിയ ഹാജർ രജിസ്റ്റർ പ്രകാരം 2019-2020 സാമ്പത്തിക വർഷം 3 ബാച്ചുകൾ മാത്രമേ പരിശീലനം പൂർത്തിയാക്കിയിട്ടുള്ളൂ. 6 ബാച്ചുകൾക്കായി അടങ്കൽ തുക വകയിരുത്തിയ ശേഷം പ്രസ്തുത പദ്ധതി കൃത്യമായി നടപ്പിലാക്കാത്തതിന്റെ കാരണം ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി 31/25.03.2021 ന് പദ്ധതി ആരംഭിക്കുവാൻ വൈകിയതിനാലും അവസാന ഘട്ടത്തിൽ ഫണ്ട് ലഭ്യത കുറവും കൊണ്ടാണ് എന്നാണ് മറുപടി നൽകിയത്.

B) പ്രസ്തുത പദ്ധതിയിൽ ലഭ്യമാക്കിയ ഹാജർ രജിസ്റ്റർ പ്രകാരം 2019-2020 സാമ്പത്തിക വർഷം 4 ബാച്ചുകളിലായി 64 പേർ മാത്രമാണ് യോഗാപരിശീലനത്തിൽ പങ്കെടുത്തിട്ടുള്ളത്. എന്നാൽ ബിൽ നമ്പർ 7/2019-2020 തീയതി 20/01/2019 പ്രകാരം സി എസ് പ്രസ് കാട്ടാക്കട എന്ന സ്ഥാപനത്തിന് 10500/- രൂപ 150 കൈപ്പുസ്തകങ്ങൾ അച്ചടിച്ച വകയിൽ നൽകിയിട്ടുണ്ട്. ഇപ്രകാരം വിതരണം ചെയ്യാത്ത കൈപ്പുസ്തകങ്ങൾ വരും വർഷങ്ങളിൽ പ്രയോജനപ്പെടുത്താമെന്നാണ് ഓഡിറ്റ് എൻക്വയറി 31/25.03.2021 ന് മറുപടി നൽകിയത്. ഇപ്രകാരം മുൻധാരണയില്ലാതെ ഗുണഭോക്താക്കളുടെ എണ്ണം നിർണ്ണയിച്ചതുവഴി ഉണ്ടായപാഴ് ചെലവ് ഒഴിവാക്കാമായിരുന്നു. വരും വർഷങ്ങളിൽ ഗുണഭോക്താക്കളുടെ എണ്ണം യുക്തിസഹമായി നിർണ്ണയിക്കുന്നതിൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

C) പ്രസ്തുത പരിശീലന പദ്ധതിയിൽ ബാച്ച് 1 ന്റെ ക്ലാസ്സ് ആരംഭിച്ചിരിക്കുന്നത് ലഭ്യമാക്കിയ ഹാജർ രജിസ്റ്റർ പ്രകാരം 25/09/2019- നാണ്. എന്നാൽ ബിൽ നമ്പർ 7/2019-2020 തീയതി 20/01/20 പ്രകാരം സി എസ് പ്രസ് കാട്ടാക്കട എന്ന സ്ഥാപനത്തിന് ബാനറിന് 450/- രൂപ നൽകിയിട്ടുണ്ട്. ക്ലാസ്സ് ആരംഭിച്ച മാസങ്ങൾക്കു ശേഷം ബാനർ സ്ഥാപിച്ച അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 31/25.03.2021-യ്ക്ക് വിശദീകരണം നൽകിയിരിക്കുന്നത് ബാനർ പദ്ധതി ആരംഭിച്ചപ്പോൾ തന്നെ സ്ഥാപിച്ചതാണെന്നും എന്നാൽ ബിൽ പിന്നീടാണ് നൽകിയത് എന്നാണ് മറുപടി നൽകിയത്.

D) ബിൽ നമ്പർ 7/2019-2020 തീയതി 20/01/20 പ്രകാരം സി എസ് പ്രസ് കാട്ടാക്കട എന്ന സ്ഥാപനത്തിന് ബാനറിന് 10950/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം നൽകിയ ബില്ലിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 31/25.03.2021-യ്ക്ക് പ്രസ്തുത അപാകത പ്രസ്സുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി. പ്രസ്തുത അപാകത ഉടനെ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6. പ്രോജക്ട്നമ്പർ S0025/20- ആയുർവേദ ഡിസ്പൻസറിക്ക് ഔഷധങ്ങൾ എന്ന പദ്ധതിയെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

A)ബില്ല് നമ്പർ 1/2019-2020 പ്രകാരം ഔഷധിക്ക് 1000000/- രൂപ നൽകിയിരിക്കുന്നത് 30/07/2019 നാണ്. കരാറിൽ ഏർപ്പെട്ട തീയതി 03/08/2019 ആണ്. പ്രസ്തുത അപാകതയ്ക്ക് വിശദീകരണമായി ഓഡിറ്റ് എൻക്വയറി 31/25.03.2021-യ്ക്ക് ബില്ല് തുക അടച്ചതിനു ശേഷം കരാറിൽ ഏർപ്പെടുന്ന രീതിയാണ് തുടർന്നുവരുന്നതെന്നും അപാകത വരും വർഷങ്ങളിൽ ഉണ്ടാകാതെ തിരുത്തുന്നതാണെന്നും മറുപടി നൽകി.

B)03/08/2019 ൽ ഏർപ്പെട്ട കരാറിൽ തുക ലഭ്യമായി60 ദിവസത്തിനകം മരുന്നുകൾ ലഭ്യമാക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. ബില്ല് നമ്പർ 1/2019-2020 പ്രകാരം ഔഷധിക്ക് 1000000/- രൂപ നൽകിയിരിക്കുന്നത് 30/07/2019 നാണ് എന്നാൽ ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം30/12/2019 ലെ ഇൻവോയ്സ് നമ്പർ 90145061 ലാണ് അവസാന ബാച്ച് മരുന്നുകൾ ലഭ്യമായിരിക്കുന്നത്. മരുന്നുകൾ കൃത്യ സമയത്തുതന്നെ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? കരാർ പ്രകാരം ഉള്ള കാലാവധി പാലിക്കാത്തതിനാൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന ഓഡിറ്റ് എൻക്വയറി 31/25.03.2021-യ്ക്ക് ഔഷധിയുമായി പല തവണ ബന്ധപ്പെട്ടിട്ടും മരുന്നുകൾ കൃത്യ സമയത്ത് ലഭ്യമാക്കിയില്ല എന്നാണ് മറുപടി നൽകിയത്.

കരാർ പ്രകാരമുള്ള സമയപരിധി പാലിക്കുന്നതിലും കൃത്യസമയത്തുതന്നെ മരുന്നുകൾ ലഭ്യമാക്കാനും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ഐ സി ഡി എസ് സൂപ്പർവൈസർ പദ്ധതി നിർവ്വഹണം മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ സ്ത്രീകളും കുട്ടികളും നേരിടുന്ന സുപ്രധാന പ്രശ്നങ്ങളെയെല്ലാം കണക്കിലെടുത്തല്ല 2019-20 സാമ്പത്തിക വർഷം പദ്ധതികൾ ആസൂത്രണം ചെയ്തതും നടപ്പാക്കിയതും. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സവിശേഷ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

## 1-11-1 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാർഗ്ഗരേഖ പാലിക്കുന്നില്ല

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം.ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം. ഈ നിർദ്ദേശം പാലിക്കാതെയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നം 4/ 20.03.2021 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും

ഗുണഭോക്താക്കളുടെ അപേക്ഷകൾ പോലും ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഏറ്റവും അർഹരായവർക്ക് തന്നെയാണ് പദ്ധതികളുടെ ആനുകൂല്യം ലഭിച്ചത് എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അർഹരായവർക്കെല്ലാം മുൻഗണനാക്രമത്തിൽ ആനുകൂല്യം ലഭിക്കുന്നുവെന്നും അനർഹർ അനധികൃതമായി ആനുകൂല്യം കൈപ്പറ്റുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്. മേൽ ഉത്തരവിൽ പ്രതിപാദിക്കുന്ന വിധത്തിൽ കുറ്റമറ്റരീതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്താൻ വാർഡ് മെമ്പർമാർ, ഐ സി ഡി എസ് സൂപ്പർവൈസർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ശ്രദ്ധിക്കേണ്ടതും അതിന് ആവശ്യമായ മേൽനോട്ടം പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-11-2 അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

അങ്കണവാടികളിൽ 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2., 3.4.3. എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ ഇല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 4 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 4 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 2 |
| 4 | റോഡിന് സമീപത്ത് അല്ലാത്തവ | 3 |
| 5 | കളിസ്ഥലം ഇല്ലാത്തവ | 12 |
| 6 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 38 |
| 7 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 35 |
| 8 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 38 |
| 9 | വൈദ്യുതി ഇല്ലാത്തവ | 4 |
| 10 | അളവുതൂക്ക ഉപകരണങ്ങൾ ഇല്ലാത്തവ (Baby Weighing Machine/ Salter Scale/ Platform Weighing Scale) | 38 |
| 11 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | 38 |
| 12 | ഫയൽ റാക്ക് ഇല്ലാത്തവ | 38 |
| 13 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 38 |
| 14 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 38 |
| 15 | ആവശ്യത്തിനു ഫർണ്ണിച്ചർ ഇല്ലാത്തവ | 38 |
| 16 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | 5 |
| 17 | പരാതിപ്പെട്ടി ഇല്ലാത്തവ | 38 |

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 4.2.1. പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം. മേൽ പട്ടിക പ്രകാരം ഗ്രാമപ്പഞ്ചായത്തിലെ അങ്കണവാടികളിൽ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് വ്യക്തമാണ്. വൈദ്യുതി പോലുള്ള അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്ത അങ്കണവാടികൾ

ഉണ്ടെന്നത് ഗുരുതരമായ കാര്യമാണ്. ആയതിനാൽ അങ്കണവാടികളിൽ ഭൗതികസാഹചര്യം മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതാണ്.

## 1-11-3 ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി സജീവമായി പ്രവർത്തിക്കേണ്ടതാണ്

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ണ്ഡിക 3.3.3.l പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 4/20.03.2021 ന് നല്കിയ മറുപടിയിൽ 2019 – 20 ൽ ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി പ്രവർത്തിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതികൾ സുഗമമായ നടത്താനും ലക്ഷ്യം കൈവരിക്കാനും കഴിയാതെ വരുന്നതിന്റെ പ്രധാന കാരണം ഈ കമ്മിറ്റി പ്രവർത്തിക്കാത്തതാണ്. ആയതിനാൽ ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി പ്രവർത്തനക്ഷമമാക്കാനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-11-4 അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.4. പ്രകാരം വാർഡ് മെമ്പർ ചെയർപേഴ്സണായും അങ്കണവാടി വർക്കർ കൺവീനറായും എ.ഡി. എസ്. ലെ രണ്ട് പേർ, ആശാവർക്കർ, സമൂഹത്തിലെ മറ്റുള്ളവർ എന്നിവരെ ചേർത്ത് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ അങ്കണവാടികളിലും രൂപീകരിക്കുകയും മാസത്തിലൊരിക്കൽ എന്ന കണക്കിൽ അവയുടെ യോഗം ചേരേണ്ടതുമാണ്. 2019 – 20 ൽ ഗ്രാമപ്പഞ്ചായത്തിലെ 38 അങ്കണവാടികളിലുമായി ആകെ 456 യോഗങ്ങൾ (38 X 12 = 456) ചേരേണ്ടതുണ്ടായിരുന്നെങ്കിലും ആകെ 111 യോഗങ്ങൾ മാത്രമേ ചേർന്നിട്ടുള്ളൂവെന്ന് ഓഡിറ്റ് എൻക്വയറി നം 4/20.03.2021 ന് മറുപടി നല്കിയിട്ടുണ്ട്. അങ്കണവാടികളുടെ കുറ്റമറ്റ പ്രവർത്തനത്തിന് ഈ കമ്മിറ്റികളുടെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. ആയതിനാൽ സർക്കാർ ഉത്തരവനുസരിച്ച് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി മാസത്തിലെരിക്കൽ യോഗം ചേരാൻ ആവശ്യമായ നടപടികൾ വാർഡ് മെമ്പർ, അങ്കണവാടി വർക്കർ എന്നിവർ സ്വീകരിക്കേണ്ടതും ഐ സി ഡി എസ് സൂപ്പർവൈസർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ഈ യോഗങ്ങൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-11-5 ആസൂത്രണം ചെയ്യുന്ന പദ്ധതികൾ പൂർണ്ണമായി നടപ്പാക്കേണ്ടതാണ്

2019 – 20 ൽഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ആസൂത്രണം ചെയ്ത പദ്ധതികളിൽ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

1. ഗ്രാമപ്പഞ്ചായത്തുതല ജെന്റർ റിസോഴ്സ് സെന്റർ

2. ശിശു സൗഹൃദ പഞ്ചായത്ത് പ്രവർത്തനങ്ങൾ

3. അങ്കണവാടികളിൽ ചിത്രം പതിപ്പിക്കൽ

പദ്ധതി നിർവ്വണത്തെയെക്കുറിച്ചുള്ള വ്യക്തമായ ധാരണയില്ലായ്മ, ഫണ്ടിന്റെ അഭാവം തുടങ്ങിയവയാണ് പദ്ധതികൾ നടപ്പാക്കാത്തതിന് കാരണമെന്ന് ഓഡിറ്റ് എൻക്വയറി നം 13/ 20.03.2021 ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി ആസൂത്രണം ചെയ്ത് വകയിരുത്തൽ നടത്തിയ ശേഷം നടപ്പാക്കാതിരിക്കുന്നത്, നടപ്പാക്കാൻ കഴിയുന്ന മറ്റ് പദ്ധതികൾ ആസൂത്രണം ചെയ്യാതിരിക്കാനും ജനങ്ങൾക്ക് ആവശ്യമായ സേവനം/ ആനുകൂല്യം നഷ്ടമാകാനും കാരണമാകുന്നു. നടപ്പാക്കാൻ കഴിയുന്ന പദ്ധതികൾ മാത്രം ആസൂത്രണം ചെയ്യാനും ആസൂത്രണം ചെയ്യുന്ന പദ്ധതികൾ കൃത്യമായി നടപ്പാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11-6 പൂരക പോഷകാഹാരപദ്ധതി ആനുകൂല്യം അർഹരായ എല്ലാവർക്കും ലഭ്യമാക്കേണ്ടതാണ്.

ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സ വരെ പ്രായമുള്ള കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്കായാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഈ പദ്ധതി നടപ്പാക്കുന്നത്. 2019 – 20 ൽ പൂരക പോഷകാഹര പദ്ധതിയുടെ ആനുകൂല്യം അർഹരായ എല്ലാവർക്കും ലഭ്യമാക്കാൻ കഴിഞ്ഞില്ല. ഇത്തരത്തിൽ

ആവശ്യമായ എല്ലാവക്കും ആവശ്യമായ അളവിൽ പോഷകാഹാരം ലഭ്യമാക്കാൻ കഴിയാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു. പദ്ധതിയുടെ ആനുകൂല്യം അർഹരായ എല്ലാവർക്കും ആവശ്യമായ അളവിൽ ലഭ്യമാക്കാനാവശ്യമായ നടപടികൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | | 6 മാസം മുതൽ 3 വയസ്സുവരെ | 3 വയസ്സ് മുതൽ 6 വയസ്സ് വരെ | കൗമാര ക്കാരായ പെൺ കുട്ടികൾ | മുലയൂട്ടുന്ന അമ്മമാർ | ഗർഭി ണികൾ |
|---|---|---|---|---|---|---|
| 1 | 2019 ഏപ്രിലെ സർവ്വേ പ്രകാരമുള്ള ഗുണഭോക്താക്കൾ | 1061 | 1236 | 2055 | 200 | 264 |
| 2 | 2019-20ൽ അങ്കണ വാടിയിൽ രജസ്റ്റർ ചെയ്ത ഗുണഭോ ക്താക്കൾ | 539 | 564 | 297 | 138 | 187 |
| 3 | 2019-20ൽ പൂരക പോഷകാ ഹാരം വാങ്ങിയത് എത്ര പേർക്ക് വേണ്ടി എന്നത് | 304 | 500 | 251 | 122 | 179 |

## 1-12 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതിയിലെ അപാകങ്ങൾ

2019 – 20 ൽ വെറ്ററിനറി സജൻ നടപ്പാക്കിയ പദ്ധതികളിൽ ചുവടെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

### 1-12-1 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖയനുസരിച്ച് നടത്തേണ്ടതാണ്

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം.ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം. ഓഡിറ്റ് എൻക്വയറി നമ്പർ 14/22.02.2021 ൽ അത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിശദാംശങ്ങളും പ്രസതുത അപേക്ഷകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഏറ്റവും അർഹരായവർക്ക് തന്നെയാണ് പദ്ധതികളുടെ ആനുകൂല്യം ലഭിച്ചത് എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മേൽ ഉത്തരവിൽ പ്രതിപാദിക്കുന്ന വിധത്തിൽ കുറ്റമറ്റരീതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ മേൽനോട്ടം പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവരുടെ പഞ്ചായത്തുതല പട്ടിക തയ്യാറാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-12-2 പദ്ധതി രൂപവത്ക്കരണശേഷം വക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതാണ്

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 13 പ്രകാരം പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. മോണിറ്ററിംഗ് നിർവ്വഹിച്ചതിന്റെ വിശദാംശം ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നം 26/ 22.03.2021 പ്രകാരം മൃഗസംരക്ഷണം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചതിന്റെ വിവരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയ മറുപടിയിൽ അനുസംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. പഞ്ചായത്ത് പരിധിക്കുള്ളിൽ നിന്നുതന്നെ മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കൃത്യമായി നടക്കാത്തതിനാലാണ് പദ്ധതി നിർവ്വഹണം കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ കഴിയാത്തത്. ആയതിനാൽ ഇക്കാര്യം ഗൗരവത്തിലെടുക്കേണ്ടതും മോണിറ്ററിംഗ് കൃത്യമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ സ്വീകരിക്കേണ്ടതമാണ്.

### 1-12-3 മൃഗസംരക്ഷണം- കാഷ് ബുക്ക് പാലനത്തിലെ അപാകങ്ങൾ

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടത്. എന്നാൽ വെറ്ററിനറി സർജൻ

പരിപാലിക്കുന്ന കാഷ് ബുക്ക് ടി ആർ 7 എ ഫോറത്തിൽ അല്ല. സർക്കാർ നിർദ്ദേശപ്രകാരം കാഷ് ബുക്ക് പരിപാലിക്കാൻ ആവശ്യമായ നടപടികൾ സമയബന്ധിതമായി കൈക്കൊള്ളേണ്ടതാണ്.

## 1-13 വി ഇ ഒ നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ

ഗ്രാമപ്പഞ്ചായത്തിൽ മൂന്ന് സർക്കിളുകളിലായി രണ്ട് വി.ഇ.ഒ മാർ ആണുള്ളത്. പദ്ധതി രൂപവത്ക്കരണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ്, രേഖകളുടെ പരിപാലനം തുടങ്ങിയവ മെച്ചപ്പെടുത്തേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

## 1-13-1 ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടതാണ്.

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടത്. വി ഇ ഒ പരിപാലിക്കുന്ന 2019 – 20 ലെ കാഷ് ബുക്ക് നിർദ്ദേശിക്കപ്പെട്ട മാതൃകയിലല്ല. ടി ആർ 7 എ ഫോറത്തിൽ കാഷ് ബുക്ക് പരിപാലിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13-2 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കുറ്റമറ്റതാക്കേണ്ടതാണ്

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം.ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം. ഈ നിർദ്ദേശം പാലിക്കാതെയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നം 12/ 21.03.2021 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഗുണഭോക്താക്കളുടെ അപേക്ഷകൾ പോലും ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഏറ്റവും അർഹരായവർക്ക് തന്നെയാണ് പദ്ധതികളുടെ ആനുകൂല്യം ലഭിച്ചത് എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 11 പ്രകാരം അംഗീകരിച്ച ഗുണഭോക്തൃപട്ടികയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നല്കിയശേഷം മാത്രമേ പുതിയപട്ടിക തയ്യാറാക്കാൻ പാടുള്ളൂ. സമാന സ്വഭാവമുള്ള പദ്ധതി കൾ തുടർച്ചയായ വർഷങ്ങളിൽ നടപ്പാക്കുന്നുണ്ടെങ്കിൽ ആദ്യം അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ നിന്ന് ആനുകൂല്യം നല്കേണ്ടതാണ്. അതിനുശേഷം മാത്രമേ ഗുണഭോക്താക്കളെ പുതിയപട്ടികയിൽ നിന്ന് എടുക്കാൻ പാടുള്ളൂ. 2019 -20 വർഷത്തെ പദ്ധതികളിൽ 2018 – 19 വർഷത്തിലെ ഗുണഭോക്തൃപട്ടികയിലെ മുഴുവൻ ആളുകളെയും പരിഗണിച്ച ശേഷമാണ് പുതിയ ഗുണഭോക്തൃപട്ടികയ്ക്ക് രൂപം കൊടുത്തത് എന്ന് ഉറപ്പാക്കിയതിന്റെ വിവരം പദ്ധതി തിരിച്ച് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം 12/ 21.03.2021 പ്രകാരം ആവശ്യപ്പെട്ടിരുന്നു. 2018 – 19 ലെ പട്ടികയിൽ ഉൾപ്പെട്ടവരേക്കാൾ അർഹതയുള്ള ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉൾപ്പെടാതെ അവശേഷിക്കുന്നുവെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാലാണ് പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെന്ന് മറുപടി ലഭ്യമാക്കി. 2018 – 19 ലെ ഗുണഭോക്തൃപട്ടികയിൽ അർഹത കുറഞ്ഞവർ/ അനർഹർ ഉൾപ്പെട്ടു എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. അനർഹർക്ക് ആനുകൂല്യം ലഭ്യമാക്കുന്നത് നിർവ്വഹണോദ്യോഗസ്ഥന്റെയും പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളുടെയും വ്യക്തിപരമായ ബാധ്യതയായി മാറുന്നതാണ്. ആയതിനാൽ കുറ്റമറ്റരീതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ മേൽനോട്ടം പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-13-3 ആസൂത്രണം ചെയ്യുന്ന എല്ലാ പദ്ധതികളും നടപ്പാക്കേണ്ടതാണ്

വി.ഇ ഓ. നിർവ്വഹണ ഉദ്യോഗസ്ഥനായി,2019 – 20 വർഷം ആസൂത്രണം ചെയ്ത പദ്ധതികളിൽ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

1. ഭിന്നശേഷി വനിതകൾക്ക് പെട്ടിക്കട

2. ലൈഫ് ഭവനനിർമ്മാണം (എസ്. സി.)

3. കക്കൂസ് നിർമ്മാണം - ലൈഫ് (രണ്ടാം ഘട്ടം)

4. കക്കൂസ് മെയിന്റനൻസ് - രണ്ടാം ഘട്ടം

5. വീട് വാസയോഗ്യമാക്കൽ

6. ഹരിതവിദ്യാലയം

ഗുണഭോക്താവ് യഥാസമയം പദ്ധതി പൂർത്തിയാക്കാതിരിക്കുന്നതും, വൈകിയുള്ള പദ്ധതി അനുമതിയും ,ഫണ്ടിന്റെ അഭാവവുമാണ് ഈ വീഴ്ചക്കുള്ള കാരണം എന്ന്, ഓഡിറ്റ് എൻക്വയറി നം 12/ 21.03.2021 ന് നല്കിയ മറുപടിയിൽ

വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി ആസൂത്രണം ചെയ്ത്, വകയിരുത്തൽ നടത്തിയ ശേഷം നടപ്പാക്കാതിരിക്കുന്നത്, നടപ്പാക്കാൻ കഴിയുന്ന മറ്റ് പദ്ധതികൾ ആസൂത്രണം ചെയ്യാതിരിക്കാൻ കാരണമാകുന്നു. ജനങ്ങൾക്ക് ആവശ്യമായ സേവനം/ ആനുകൂല്യം നഷ്ടമാകാൻ ഈ അപാകം കാരണമാകുന്നു. ആയതിനാൽ നടപ്പാക്കാൻ കഴിയുന്ന പദ്ധതികൾ മാത്രം ആസൂത്രണം ചെയ്യാനും ആസൂത്രണം ചെയ്യുന്ന പദ്ധതികൾ കൃത്യമായി നടപ്പാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-13-4 പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി പരിപാലിക്കേണ്ടതാണ്

വി.ഇ.ഒ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച അപേക്ഷകളോടൊപ്പം സൂക്ഷിച്ചിരിക്കുന്ന ഗുണഭോക്താക്കളുമായി ചമച്ച കരാറുകൾ അപൂർണ്ണമാണ്. വ്യക്തിയുടെ വിവരങ്ങളും പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താവ് പാലിക്കേണ്ട കാര്യങ്ങളും രേഖപ്പെടുത്താതെ കരാർ ചമച്ചത് ഭാവിയിൽ സ്വീകരിക്കേണ്ടി വരാവുന്ന നടപടികൾക്ക് തടസ്സമുണ്ടാക്കുന്നു. കുറ്റമറ്റവിധത്തിൽ കരാറുകൾ ചമയ്ക്കാൻ വിഇഒ നടപടി സ്വീകരിക്കേണ്ടതും മോണിറ്ററിംഗ് കമ്മിറ്റി ഇക്കാര്യം പരിശോധിക്കേണ്ടതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-14 മെഡിക്കൽ ഓഫീസർ,പി.എച്ച്.സി/സി.എച്ച്.സി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ-അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല

1.ആർദ്രം-ഫാർമസിക്ക് റാക്ക് വാങ്ങൽ പദ്ധതിക്കായി (SO 216/19-20) ബിൽ നം.1/19-20 /22.08.20.
പ്രകാരം 140926 രൂപ ചന്ദ്രൻ. എച്ച് എന്ന വ്യക്തിക്കും KBOCWW Board ന്- 1424/രൂപയും
നൽകിയിട്ടുണ്ട്. വാങ്ങൽ സംബന്ധിച്ച ക്വട്ടേഷൻ നടപടി ക്രമങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2.കുടുംബാരോഗ്യ കേന്ദ്രം NQAS സർട്ടിഫിക്കേഷൻ, അനുബന്ധ പ്രവർത്തനങ്ങൾ (251/19-20)
വിവിധ ബില്ലുകളിലായി 100000/-രൂപ ചെലവിന്റെ അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല.

3.ആർദ്രം-സൌരോർജ്ജ ലൈറ്റ് സ്ഥാപിക്കൽ (11/19-20) 49,988/-രൂപ
ചെലവിന്റെ അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല.

4.കോക്ലിയർ ഇംപ്ലൻറ് മെയിൻറനൻസ് (287/19-20) അടങ്കൽ 100000/-ചെലവ്
100000/-പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

1.അഭിനവ് ലാൽ.ആർ, 11വയസ്സ്, ലാൽ ഭവൻ, മുതിയാവിള, കാട്ടാക്കട.പി.ഒ

(ചെക്ക് നം.1706173 തീയതി 30.03.20 തുക 50,000/-)

2.അസീ.എം.എൻ, 9 വയസ്സ്, എം.എൻ മൻസിൽ, നന്ദാവനം, മംഗലക്കൽ, കാട്ടാക്കട.പി.ഒ

(ചെക്ക് നം.1706174 തീയതി 30.03.20 തുക 50,000/-)

പ്രസതുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5.പാലിയേറ്റീവ് കെയർ പദ്ധതി (3/19-20) യുമായി ബന്ധപ്പെട്ട വിവധ രജിസ്റ്ററുകൾ,
ഇൻഡൻറ്, പെർഫോമ ഇൻവോയിസ് ടാക്സ് ഇൻവോയിസ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ പദ്ധതികളുടെ അനുബന്ധ ചെലവ് രേഖകൾ ഹാജരാക്കുവാൻ 25.03.21 ൽ
നൽകിയ ഓഡിറ്റ് എൻക്വയറി നം.33/19-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
പദ്ധതികളുടെ അനുബന്ധ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 എൽ.പി.സ്കൂളുകൾക്ക് ഫർണിച്ചർ-രേഖകൾ പരിപാലിക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | എൽ.പി. സ്കൂൾക്ക് ഫർണിച്ചർ |
| പ്രോജക്റ്റ് നം. | 24/19-20 |
| അടങ്കൽ തുക | 300000 |
| ചെലവ് തുക | 299973 |
| ഫണ്ടിനം | റോഡിതരം |
| ബിൽ നം. & തീയതി | 3/19-20<br>12.11.19 |

ഗ്രാമപഞ്ചായത്തിലെ 05 ഗവൺമെൻറ് എൽ.പി സ്കൂളുകളിലെ ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആവശ്യമായ ഫർണിച്ചർ വാങ്ങി നൽകാനുള്ള പ്രോജക്ടാണിത്.ആർട്ട്കോയിൽ നിന്നും വാങ്ങിയ ഫർണിച്ചറുകളുടെ വിതരണ

രജിസ്റ്റർ, കൈപ്പറ്റ് രസീത്, സ്റ്റോക്ക് രജിസ്റ്റർ, ആർട്ട്കോയിൽ നിന്നുമുള്ള ഇൻവോയിസ്, ടാക്സ് ഇൻവോയിസ് എന്നിവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.18 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-16 ഡി.പി.സി അംഗീകാരം ലഭിച്ചതിന് ശേഷം നടപ്പാക്കാത്ത പദ്ധതികൾ

2019-20 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ, നടപ്പാക്കാത്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. സാമൂഹിക സാക്ഷരത പരിപാടി സർട്ടിഫിക്കറ്റ് കോഴ്സ് ഫീ-പദ്ധതി നം.208/19-20
അടങ്കൽ തുക.80000/-
2. കളക്ടേഴ്സ് അറ്റ് സ്കൂൾ-പദ്ധതി നം.262/19-20
അടങ്കൽ തുക.100700/-
സാമൂഹിക സാക്ഷരതയുമായി ബന്ധപ്പെട്ട പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭിച്ചതിന് ശേഷം പദ്ധതി നടപ്പാകാതെ പോയത് ഗുരുതരമായ വീഴ്ചയാണ്.
ഗ്രാമപഞ്ചായത്തിലെ പ്രൈമറി സ്കൂളുകളിൽ അജൈവ-മാലിന്യ വേസ്റ്റ് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കൽ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് 5300/- രൂപ എന്ന നിരക്കിൽ എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.
സ്കൂളുകളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഇത്തരം പദ്ധതി നടപ്പാകാതെ പോയതിന്റെ കാരണം വ്യക്തമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.19/23.03.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഈ വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ഡി&ഒ ലൈസൻസ് -വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക് ഫീസ് ഈടാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ ത.സ്വ.ഭ.വ,എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്.വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം 'ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.ചട്ടം 17 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണയന്ത്രമോ ഉപയോഗിക്കുന്നതിനുള്ള ഫീസ് ചട്ടങ്ങളോട് ചേർന്ന 3-ാം പട്ടിക പ്രകാരം ഈടാക്കണമെന്നിരിക്കെ പഞ്ചായത്തിലെ ഡി&ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ അത്തരത്തിൽ ഫീസ് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A).യന്ത്രസാമഗ്രിയോ നിർമ്മാണയന്ത്രമോ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കാത്തവ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ലൈസൻസ് അനുവദിച്ചതിന്റെ വിവരം |
|---|---|---|---|
| 1 | B B Anand Hollow Bricks | 10 HP | A10/75/2019-20 |
| 2 | EVM Motors | 11 HP | A10/31/2019-20 |
| 3 | S.G Interlock &Hollow Bricks | 10 HP | A10/57/2019-20 |
| 4 | Matha Hollow Bricks | 5 HP | A10/73/2019-20 |
| 5 | Orbit Hollow Bricks | 10 HP | A10/256/2019-20 |

B).കുറവ് ഫീസ് ഈടാക്കിയവ

| ക്രമ നം | സ്ഥാപന ത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കിയ ഫീസ് | ഈടാ ക്കേണ്ട ഫീസ് | ലൈസൻസ് അനുവദി ച്ചതിന്റെ വിവരം |
|---|---|---|---|---|---|
| 1 | SR Hollow Bricks | 12 HP | 100/- | 200/- | A10/347/2019-20 |
| 2 | Kairali Exports | 45 HP | 100/- | 200/- | A10/143/2019-20 |
| 3 | Amirtham Food Supplement | 15 HP | 100/- | 200/- | A10/198/2019-20 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/2021 ന മറുപടി ഹാജരാക്കിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടം 17 പ്രകാരം വൈദ്യുതി

കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണയന്ത്രമോ ഉപയോഗിക്കുന്നതിനുള്ള ഫീസ് ചട്ടങ്ങളോട് ചേർന്ന 3-ാം പട്ടിക പ്രകാരം ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17-1 ഡി&ഒ ലൈസൻസ്- അപേക്ഷകൾ അപൂർണ്ണം

1) 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിനു 30ദിവസത്തിനു മുമ്പായും പുതുതായി തുറക്കുന്നതിനുള്ള അപേക്ഷ 30 ദിവസത്തിനു മുമ്പായും നൽകേണ്ടതാണന്നിരിക്കെ

ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ തീയതി രേഖപ്പെടുത്താത്ത അപേക്ഷകൾ ധാരാളമായി കണ്ടു.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിലെ അപാകത |
|---|---|---|
| 1 | സ്തുതി അസോസിയേറ്റ്സ് | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 2 | സ്തുതി ഫർണിച്ചർ | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 3 | ബജാജ് മോട്ടോർ സൈക്കിൾ ഷോറൂം | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 4 | വി.കോൺ പ്രോഡക്റ്റ്സ് | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 5 | വിനായക മെഡിക്കൽസ് | തീയതി രേഖപ്പെടുത്തിയിട്ടില്ല |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/2021 നു മറുപടി ഹാജരാക്കിയിട്ടില്ല. നിയമം അനുശാസിക്കുന്ന രീതിയിലുള്ള അപേക്ഷകൾ സ്വീകരിക്കുവാനും നടപടിയെടുക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

2)ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്.

എന്നാൽ 2019-20 സാമ്പത്തിക വർഷത്തിലെ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ വിറ്റ് വരവ് രേഖപ്പെടുത്താത്ത അപേക്ഷകൾ ധാരാളമായി കണ്ടു.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിലെ അപാകത |
|---|---|---|
| 1 | ശ്രീ മുരുക സ്റ്റോർസ് കാട്ടാക്കട | വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 2 | ബി.ബി ആനന്ദ് ഹോളോ ബ്രിക്സ് | വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 3. | വിസ്മയ ബേക്കറി | വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |
| 4 | സി.എസ് പ്രസ്സ്,കാട്ടാക്കട | വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |
| 5 | ന്യൂ പ്രഭ മെഡിക്കൽസ് | വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |

മുതൽ മുടക്ക് എത്രയാണെന്ന് എല്ലാ അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക എപ്രകാരമാണ് ഈടാക്കിയതെന്നത് സംബന്ധിച്ച് വ്യക്തതയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/2021 നു മറുപടി ഹാജരാക്കിയിട്ടില്ല.

നിയമം അനുശാസിക്കുന്ന രീതിയിലുള്ള അപേക്ഷകൾ സ്വീകരിക്കുവാനും നടപടിയെടുക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-18 എസ്.സി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം-പദ്ധതി ഫയൽ ഹാജരാക്കിയിട്ടില്ല-1,73,323/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി പേര് | എസ്,സി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം |
| പദ്ധതി നം. | 259/19-20 |
| അടങ്കൽ തുക | 250000 |
| ചെലവ് തുക | 173323 |
| ഫണ്ടിനം | തനത് ഫണ്ട് |

| നിർവ്വഹണം | ഹെഡ്മാസ്റ്റർ,ഗവ.എൽ.പി.സ്കൂൾ |
|---|---|

പ്രസ്തുത പദ്ധതിയുടെ ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതി സംബന്ധിച്ച ഫയലും അനുബന്ധ ചെലവ് രേഖകളും ഓഡിറ്റിന് ലഭ്യമാക്കുവാൻ 23.03.21 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (2/21) ന് ഹെഡ്മാസ്റ്റർ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 1,73,323/- രൂപ തടസ്സപ്പെടുത്തുന്നു.പദ്ധതി ഫയൽ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ-ഫയൽ ഹാജരാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(എ.എ) (4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ തരം,വിസ്തീർണ്ണം,നികുതി നിർണ്ണയം, നിലവിലത്തെ സ്ഥിതി എന്നിവ പരിശോധിക്കുവാൻ ഫയലുകൾ ഹാജരാക്കുവാൻ നിർദേശം നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 38/26.03.2021) ആയതു ഹാജരാക്കിയിട്ടില്ല.രജിസ്റ്ററിൽ ചേർത്തിരിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഉടമസ്ഥന്റെ പേര് | സർവ്വേ നമ്പർ | പ്രൊവിഷണൽ ഓർഡർ നൽകിയ തീയതി | ഈടാക്കിയ നികുതി | അപാകത |
|---|---|---|---|---|---|
| 2019-20 | റോബിൻസൺ ജി & വത്സല എ | 526 | 20/08/2019 | 246/- | KPBR ചട്ടലംഘനം |
| 2019-20 | സുബൈദ ബീവി | 302 | 07/06/2019 | 1530 + LC | KPBR ചട്ടലംഘനം |
| 2019-20 | വിഘ്നേശ്വരൻ സി | 193 | 19/06/2019 | 135 + LC | KPBR ചട്ടലംഘനം |
| 2019-20 | നിഷാദ് എം | 463 | 02/07/2019 | 1560 + LC | KPBR ചട്ടലംഘനം |
| 2019-20 | അൻസാർ & റജീന | 473 | 11/07/2019 | 585 + LC | KPBR ചട്ടലംഘനം |
| 2019-20 | ചന്ദ്രിക | 53 | 21/08/2019 | 1887 + LC | KPBR ചട്ടലംഘനം |
| 2019-20 | വെള്ളമ്മപ്പിള്ള പി | 561 | 25/09/2019 | രേഖപ്പെടുത്തിയില്ല | KPBR ചട്ടലംഘനം |
| 2019-20 | അജിത്കുമാർ എ എസ് | 436 | 04/10/2019 | രേഖപ്പെടുത്തിയില്ല | KPBR ചട്ടലംഘനം |
| 2019-20 | അഞ്ജു ബി | 618 | 22/11/2019 | രേഖപ്പെടുത്തിയില്ല | KPBR ചട്ടലംഘനം |
| 2019-20 | കുനലാൽ ജെ | 152 | 19/12/2019 | രേഖപ്പെടുത്തിയില്ല | KPBR ചട്ടലംഘനം |

സർക്കാർ ഉത്തരവ് നം. (എം,എസ്)170/2016 തസ്വഭവ തീയതി 16.11.2016ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന വീടുകളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് പഞ്ചായത്ത് അധികൃതർ ഒരു രജിസ്റ്ററിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.എന്നാൽ അത്തരത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നടപടിയുണ്ടായിട്ടില്ല.

അടുത്ത ഓഡിറ്റ് വേളയിൽ ഫയലുകൾ ഹാജരാക്കുവാനുള്ള നടപടി പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടാകേണ്ടതാണ്. കൂടാതെ സർക്കാർ ഉത്തരവ് നം. (എം,എസ്) 170/2016 തസ്വഭവ തീയതി16.11.2016ലെ ഉത്തരവ് (3) പ്രകാരമുള്ള രജിസ്റ്ററും പരിപാലിച്ച് ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-20 കറവ പശു വിതരണം-പദ്ധതി ലക്ഷ്യം കണ്ടില്ല.

2019-20 സാമ്പത്തിക വർഷത്തെ ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ കറവ പശു വിതരണം എന്ന് പദ്ധതിയുടെ ലക്ഷ്യം ഉൽപാദന വർദ്ധനവ്, സ്വയംപര്യാപ്തത എന്നിവയാണ്.ആയതു കൈവരിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ഉരുക്കളെ വാങ്ങുന്നതിനു സബ്സിഡി അനുവദിക്കുന്നതാണ് പദ്ധതി.പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | ഫണ്ടിനം | അടങ്കൽ | ചെലവ് | സബ്സിഡി നിരക്ക് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 75/2020 | വികസന ഫണ്ട് (ജനറൽ-വനിത) | 1505000 | 707500 | 50%(പരമാവധി 27500/-രൂപ) | 25 |
| 76/2020 | വികസന ഫണ്ട് (എസ്.സി.പി) | 1155000 | 735000 | 75%(പരമാവധി 35000/-രൂപ) | 21 |
| 77/2020 | വികസന ഫണ്ട് (റ്റി.സി.പി) | 200000 | 200000 | 100% | 4 |

ഫയൽ പരിശോധന സമയത്ത് 10 ഗുണഭോക്താക്കളെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ടപ്പോൾ ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് വിവരം | നിലവിലെ അവസ്ഥ |
|---|---|---|
| 1 | സോമൻ .കെ,ചേലക്കാട് കിഴക്കുംക്കര പുത്തൻ വീട്,കിള്ളി. | പശുവിനെ വിറ്റു |
| 2. | സജീവൻ.ആർ,വാറുവിളാകത്ത് വീട്,ഉണ്ടാംപാറ,കാട്ടാക്കട | സഹോദരിക്ക് നൽകി |
| 3 | തങ്കമണി,റ്റി.പി.എസ് ഭവൻ,തോപ്പുവിള,വെറ്റിക്കോണം. | പശുവിനെ വിറ്റു |
| 4 | വിമല, ലക്ഷംവീട്,കൊറ്റംപള്ളി,അമ്പലത്തിൻകാല. | പശുവിനെ വിറ്റു |
| 5 | അനിത,ശരൺ നിലയം,കട്ടവാക്കോണം,മൂങ്ങോട്. | പശുവിനെ വിറ്റു |
| 6 | പ്രതിഭ.ബി.വി,എള്ളുവിള കോളനി,കിള്ളി,കാട്ടാക്കട | പശുവിനെ വിറ്റു |
| 7 | ലൈലാ ജോയി,തുലാക്കാര വീട്,മംഗലയ്ക്കൽ,കാട്ടാക്കട | പശു നിലവിൽ ടി വ്യക്തിയുടെ പക്കൽ ഇല്ല |
| 8 | ജിതേഷ്.റ്റി.റ്റി,ഗ്രീഷ്മം,കട്ടയ്ക്കോട്.പി.ഒ | പശു നിലവിൽ അവരുടെ പക്കൽ ഇല്ല |
| 9 | സുരേഷ് കാണി.എം,കളിയാക്കോട്,പ്ലാവൂർ,ആമച്ചൽ | പശു നിലവിൽ ടി വ്യക്തിയുടെ പക്കൽ ഇല്ല |
| 10 | മായാറാണി,ആർ,മേക്കുംക്കരപുത്തൻ വീട്,കമുകിൻകോട് | പശു നിലവിൽ ടി വ്യക്തിയുടെ പക്കൽ ഇല്ല |

പശുവിനെ വാങ്ങുന്നതിനു മുന്നോടിയായി മേൽ ഗുണഭോക്താക്കൾ പഞ്ചായത്തുമായി ഏർപ്പെട്ട കരാറിൽ പദ്ധതി പണം ഉപയോഗിച്ചു വാങ്ങിയ ഉരുക്കളെ കുറഞ്ഞത് 5 വർഷം പരിപാലിക്കാമെന്നും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ അനുവദിച്ച തുക നിശ്ചിത പലിശ സഹിതം തിരിച്ചടച്ചുകൊള്ളാമെന്നും സമ്മതപത്രം നൽകിയിട്ടുണ്ട്. കരാറിനു വിരുദ്ധമായി പ്രവർത്തിച്ചവരിൽ നിന്നും ആനുകൂല്യം നല്കിയ തുക പലിശയുൾപ്പെടെ ഈടാക്കുവാൻ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും സ്വീകരിച്ച നടപടികളുടെ വിവരം തിരക്കികൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (39/2021) യ്ക്ക്മറുപടി ഹാജരാക്കിയിട്ടില്ല.

പദ്ധതി പണം കൈപ്പറ്റുകയെന്ന പ്രക്രിയ മാത്രമാണ് നടന്നിരിക്കുന്നതെന്നു വ്യക്തമായിരിക്കുന്നു.ഈ വിഷയത്തിൽ നിർവഹണോദ്യോഗസ്ഥൻ, മോണിറ്ററിംഗ് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവർ സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനു പരാജയപ്പെട്ട സാഹചര്യത്തിൽ പദ്ധതികളുടെ ആനുകൂല്യം കൈപ്പറ്റിയ മേൽ പട്ടികയിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കളുടെ പക്കൽ പശുക്കളുണ്ടോ എന്നതു സംബന്ധിച്ച വിവരം ആവശ്യമായ തെളിവുകൾ ഉൾപ്പെടെ രണ്ടാഴ്ച്ചക്കകം ലഭ്യമാക്കേണ്ടതാണ്. ഇല്ലാത്ത പക്ഷം അത്തരം ഗുണഭോക്താക്കളിൽ നിന്നും തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 പദ്ധതി രൂപീകരണവും നടത്തിപ്പും -അവലോകനം

കാട്ടാക്കട ഗ്രാമപഞ്ചായത്തു 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരം പട്ടിക

രൂപത്തിൽ ചുവടെ ചേർക്കുന്നു.

| അംഗീകരിച്ച പദ്ധതി | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| 260 | 159 | 101 | 240373428 | 109901430 | 45% |

നിർവഹണോദ്യോഗസ്ഥരുടെ അടിസ്ഥാനത്തിലുള്ള വിവരം

| നിർവഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| കൃഷി | 12 | 10 | 2 | 2307850 | 678783 |
| വെറ്റിനറി | 9 | 9 | 0 | 3907600 | 1684576 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 12 | 11 | 1 | 3590718 | 3358767 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 6 | 6 | 0 | 1990000 | 1946950 |
| വി.ഇ.ഒ | 17 | 11 | 6 | 111439701 | 555966578 |
| എെ.സി.ഡി.എസ് | 10 | 7 | 3 | 7803100 | 4618677 |
| സെക്രട്ടറി | 36 | 24 | 12 | 17701913 | 12177949 |
| ഹെഡ്മാസ്റ്റർ | 10 | 8 | 2 | 3056567 | 2587787 |
| അസി.എഞ്ചിനീയർ | 128 | 57 | 71 | 74304681 | 20797971 |
| ഡയറി | 7 | 7 | 0 | 8076000 | 4790000 |
| അസി.സെക്രട്ടറി | 13 | 9 | 4 | 6195298 | 1663392 |

<u>പദ്ധതി രൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ</u>

1.പട്ടികജാതി യുവതി യുവാക്കാൾളുടെ വിദ്യാഭ്യാസത്തിനും സ്വയം തൊഴിൽ പദ്ധതികൾക്കും കൂടുതൽ പ്രാധാന്യം നൽകിയുള്ള ബജറ്റ് അംഗീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതാണ്.

2. വനിതകൾക്കായി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

3.മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികളുടെ നടത്തിപ്പ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

4.മൃഗസംരക്ഷണ /കാർഷിക മേഖലയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ അവ അർഹതയുള്ളവർക്കും അതു കൊണ്ടു ജീവിത മാർഗ്ഗം കണ്ടെത്തുവാൻ കഴിയുന്നവർക്കും മാത്രം അനുവദിക്കുക.കേവലം പദ്ധതി പണം കൈപ്പറ്റുകയെന്നതിലേക്ക് പദ്ധതി ചുരുങ്ങാതിരിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

5.വയോജനങ്ങൾക്ക് ആരോഗ്യപരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

6.അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കുവാനും വകയിരുത്തിയ തുക പാഴായി പോകാതെ ഉപയോഗിക്കുവാനും നിർവഹണോദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

7.നടപ്പിലാക്കിയ പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിൽ വീഴ്ച്ചയുണ്ടായിട്ടുണ്ട്.ആ സ്ഥിതി വിശേഷം ഒഴിവാക്കേണ്ടതാണ്.

## <u>1-22 പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.</u>

ഗ്രാമപഞ്ചായത്ത് പ്രതിമാസം 169750രൂപ വെള്ളക്കരമായി KWA യ്ക്ക് നല്കിവരുന്നു. ആകെ 388 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWAയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന്, ഓഡിറ്റ് എൻക്വയറി നം.23 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തിയെന്നും,അതിൽ ടാപ്പുകളുടെ എണ്ണം 388ൽ കൂടുതലാണെന്ന കണ്ടു എന്നും വ്യക്തമാക്കിയിട്ടുണ്ട്.സർക്കാർ ഉത്തരവ്വ നം.2242/11/എൽ.എസ്.ജി.ഡി. തീയതി 28.09.2011-ൽ നിഷ്കർഷിക്കുന്ന പ്രകാരം സംയുക്ത പരിശോധന നടത്തേണ്ടതാണ്.

## <u>1-23 പാലിയേറ്റീവ് പരിചരണ പദ്ധതി-സർക്കാർ ഉത്തരവ് പാലിക്കുന്നില്ല</u>

സ.ഉ (സാധാ) നം.553/2019/തസ്വഭവ തീയതി 07.03.2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും പാലിയേറ്റിവ് പരിചരണത്തിനും ഹോം കെയറിനുമായി പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പദ്ധതിയിലെ പ്രധാനപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

2. എല്ലാ വാർഡിലും വാർഡ്തല ആരോഗ്യ അവലോകന സമിതി രൂപീകരിച്ചിട്ടില്ല.

3. പരിചരണം ആവശ്യമായവരുടെ ഓരോ യൂണിറ്റിനും ഹോം കെയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. ദീർഘകാല രോഗികൾക്ക് ഓ.പി ടിക്കറ്റിന് പകരം ചികിത്സാ രേഖ നൽകുന്നില്ല.

5. രോഗികൾക്ക് പരിചരണ സാമഗ്രികൾ (വാട്ടർ ബെഡ്, എയർ ബെഡ്, വീൽ ചെയർ, കമ്മോഡ് ചെയർ, എയർ കുഷൻ) കെയർ യൂണിറ്റ്/സബ് സെന്റർ/വാർഡ് തലത്തിൽ നൽകേണ്ടതുണ്ട്. അതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല.

6. പാലിയേറ്റീവ് കെയർ പരിചരണത്തിന് സാമൂഹ്യക പിന്തുണ ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

7.ബോധവൽക്കരണ/പരിശീലന പരിപാടികൾ – രോഗികളുടേയും കുടുംബാംഗങ്ങളുടേയും ഒത്തുചേരൽ സംഘടിപ്പിക്കുന്നില്ല.

8. ധനാഗമ മാർഗ്ഗങ്ങൾ, ഹോം കെയർ ടീം, ഹോം കെയർ റിപ്പോർട്ട് ബുക്ക്, ഭക്ഷണച്ചെലവ്, ഹോം കെയർ കിറ്റ്, പാലിയേറ്റീവ് കെയർ മാനേജ്മെൻറ് കമ്മിറ്റി ഗ്രാമപഞ്ചായത്ത്തല യോഗം, പുനരധിവാസ പ്രവർത്തനങ്ങൾ, വിഭവ സമാഹരണം – രസീതി രജിസ്റ്ററുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9. മോണിറ്ററിംഗ്-ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയും പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനായി സ്വീ കരിച്ച നടപടികൾ ലഭ്യമാക്കിയിട്ടില്ല.

പ്രസതുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (5/19-20/20.03.21)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 കാർഷിക ജലസേചന സൌകര്യം പദ്ധതി-ഗുണഭോക്തൃ തെരഞ്ഞെടുപ്പ്-സുതാര്യമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 99/19-20 |
| പ്രോജക്റ്റിന്റെ പേര് | കാർഷിക ജലസേചന സൌകര്യം |
| അടങ്കൽ | 500000 (249125 + 875 + 250000)<br>(വികസന ഫണ്ട് - ജനറൽ + തനത് + മറ്റുള്ളവ) |
| ചെലവ് | 106903 |
| ബിൽ നമ്പർ | JAP9/19-20 Dt 27.09.19 / 31,583/-<br>JAP32/19-20 Dt 29.02.20/ 20,290/-<br>JAP33/19-20 Dt 29.02.20/ 10,000/-<br>JAP39/19-20 Dt 29.02.20/ 35,030/-<br>JAP45/19-20 Dt 16.03.20/ 10,000/- |
| നിർവ്വഹണം | കൃഷി ഓഫീസർ |

29.01.2018-ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/ തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം. ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭാ മിനിറ്റ്സിൽ ചേർക്കുകയും വേണം. ഈ നിർദ്ദേശം പാലിച്ച് മാർഗ്ഗരേഖ പ്രകാരമാണോ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്എന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/19-20/ 22.03.21-ന്

മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താത്തളെ തെരഞ്ഞെടുത്തത് സുതാര്യമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 13 പ്രകാരം പദ്ധതി രൂപീകരണത്തിന ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. മോണിറ്ററിംഗ് നടത്തേണ്ട ഘടകങ്ങൾ, ഘട്ടങ്ങൾ എന്നിവയിൽ ഇവ നിർവ്വഹിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി പൂർത്തീകരണപത്രം സുലേഖയിൽ തയ്യാറാക്കണമെന്ന് 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 11.4 ൽ നിർദ്ദേശിക്കുന്നു. അപ്രകാരം നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായിരിക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കാർഷിക മേഖലയിലെ പദ്ധതികൾ-ലക്ഷ്യം കൈവരിച്ചിട്ടില്ല

2019-20 ലെ കാർഷിക മേഖലയിൽ നടപ്പാക്കിയ വിവധ പദ്ധതികൾക്ക് ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|---|---|
| 1 | 90/19-20 | നെൽകൃഷി വികസനം | 256000 | 77690 | 30.34 |
| 2. | 94/19-20 | ജൈവ പച്ചക്കറി-വനിത | 26500 | 10710 | 40.41 |
| 3. | 99/19-20 | കാർഷിക ജലസേചന സൌകര്യം | 500000 | 106903 | 21.38 |
| 4. | 102/19-20 | ജൈവ സമൃദ്ധി-തരിശുഭൂമി കൃഷി | 479000 | 73600 | 15.36 |
| 5. | 278/19-20 | ഇഞ്ചി കൃഷി-വനിത | 108750 | 18690 | 17.18 |

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ (2018-19-2021-22) ലക്ഷ്യങ്ങളിൽ ഒന്നായ "വളർച്ചയോടൊപ്പം പരിസ്ഥിതിരക്ഷയും ഉറപ്പാക്കുവാൻ മണ്ണും ജലവും ഇതര പ്രകൃതി വിഭവങ്ങളും ഒപ്പം കൃഷിയും സംരക്ഷിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ഫല പ്രാപ്തിയിലെത്തിക്കുക"എന്നതാണ്. (സ.ഉ.(കൈ)നം.11/2018/തസ്വഭവ തീയതി 29.01.18) എന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന മേഖലയായ കാർഷിക മേഖലയിൽ വകയിരുത്തിയ അടങ്കൽ തുകയുടെ 50% പോലും ചെലവ് നടത്തിയിട്ടില്ല. ഭക്ഷ്യധാന്യങ്ങളുടെ സ്വയംപര്യാപ്തതയും ദാരിദ്ര്യ നിർമാർജ്ജനവും ലക്ഷ്യമിടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാർഷിക മേഖലയിൽ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ അടങ്കൽ തുകയുടെ 100% ചെലവ് വരുത്തുവാൻ നടപടി സ്വീകരിക്കാത്തത് 13-ാം പദ്ധതിയുടെ മാർഗ്ഗരേഖകളുടെ ലംഘനമാണ്.കാർഷിക മേഖലയിൽ നടപ്പാക്കിയ മേൽ പദ്ധതികൾക്ക് അടങ്കൽ തുകയുടെ 50% ൽ താഴെ തുക ചെലവഴിച്ചതിലൂടെ പ്രസ്തുത പദ്ധതികളുടെ ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.പദ്ധതി ചെലവ് കുറയുവാനുണ്ടായ സാഹചര്യം വിശദീകരിക്കുവാൻ 22.03.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.11 ന് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ പദ്ധതികളുടെ ചെലവ് 100% ആക്കി ഉയർത്തുവാനുള്ള നടപടികൾ സ്വികരിക്കുവാൻ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-26 സ്കൂൾ പ്രവേശനോത്സവം-സ്റ്റോർ പർച്ചേഴ്സ് മാന്വൽ-പാലിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സ്കൂൾ പ്രവേശനോത്സവം |
| പ്രോജക്ട് നം. | SO 206/19-20 |
| അടങ്കൽ തുക | 200000 |
| ചെലവ് തുക | 176061 |

| | |
|---|---|
| ഫണ്ടിനം | തനത് ഫണ്ട് |
| ചെക്ക് നം. & തീയതി | 1825938/20.08.2019 |

ഗ്രാമപഞ്ചായത്തിലെ ഗവൺമെൻറ് എൽ.പി സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പുതുതായി പ്രവേശനം നേടുന്ന കുട്ടികൾക്കും ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നും സർക്കാർ സ്കൂളുകളിൽ വരുന്ന കുട്ടികൾക്കും സ്കൂൾ പ്രവേശനോത്സവ ദിവസം ബാഗും ബുക്കും പേനയുമടങ്ങുന്ന കിറ്റ് നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതി പ്രകാരം വിവിധ തീയതികളിൽ KSCCF Ltd, ചെങ്കൽചൂള എന്ന സ്ഥാപനത്തിൽ നിന്നും സ്റ്റേഷണറി വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം. | തീയതി | തുക(രൂ) |
|---|---|---|
| 241/6/594 | 21.06.19 | 127738 |
| ടി | 26.06.19 | 7735 |
| ടി | 26.06.19 | 23808 |
| ടി | 01.08.19 | 8982 |
| ടി | 18.05.19 | 7798 |
| | ആകെ | 176061 |

2013-ലെ കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ പ്രകാരം ഒരു ലക്ഷത്തിനുമുകളിലുള്ള വാങ്ങലുകൾക്ക് മത്സരാധിഷ്ഠിത ക്വട്ടേഷൻ /ടെണ്ടർ ക്ഷണിച്ച് വാങ്ങേണ്ടതാണ്. ഇതിന് വിരുദ്ധമായി ഒരേ പദ്ധതിക്ക് ഭാഗികമായി സാധനങ്ങൾ വാങ്ങാനുള്ള സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം.20/2021 മറുപടി ഹാജരാക്കിയിട്ടില്ല.

ഭാവിയിൽ 2013-ലെ കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ പ്രകാരം ഒരു ലക്ഷത്തിനുമുകളിലുള്ള വാങ്ങലുകൾക്ക് മത്സരാധിഷ്ഠിത ക്വട്ടേഷൻ /ടെണ്ടർ ക്ഷണിച്ച് വാങ്ങേണ്ടതാണ്.

## 1-27 സാക്ഷരതാ-തുടർ വിദ്യാഭ്യാസ പദ്ധതി-കൈപ്പറ്റ് രസീത്,വിനിയോഗസാക്ഷ്യ പത്രം-ലഭ്യമാക്കേണ്ടതാണ്

2019-20 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ സാക്ഷരതാ -തുടർ വിദ്യാഭ്യാസ പദ്ധതി (നം.207/19-20) പ്രകാരം തനത് ഫണ്ടിൽ നിന്നും 103350/- രൂപ അടങ്കൽ വകയിരുത്തി 102750/-രൂപ ഫീസിനത്തിൽ ചെലവ് (ചെക്ക് നം. 1706161/ 17.03.2020) ചെയ്തിട്ടുണ്ട്. പ്രസ്തുത തുക കാട്ടാക്കട റൂറൽ ഡിസ്ട്രിക്ക് ട്രഷറിയിലുള്ള സെക്രട്ടറിയുടെ എസ്.റ്റി.എസ്.ബി അക്കൗണ്ട് നം. 702011400000011-ൽ നിന്നും കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അക്കൗണ്ടിലേക്ക് (A/C നം. 57026996123) 29,600/- രൂപയും (A/C No.2880100113107) 73,150/- രൂപയും ആകെ 102750/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം പരീക്ഷ എഴുതിയവരുടെ ഫീസ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കോഴ്സിന്റെ പേര് | വിദ്യാർത്ഥികൾ | ഫീസ് തുക | ആകെ |
|---|---|---|---|
| പത്താംതരം തുല്യത | 16 | 16x1850 | 29,600 |
| പതിനൊന്നാം തരം \ തുല്യത | 16 | 16x2500 | 40,000 |
| പന്ത്രണ്ടാംതരം തുല്യത | 17 | 17x1950 | 33,150 |
| | ആകെ | | 1,02,750 |

സാക്ഷരതാ മിഷനിൽ നിന്നുമുള്ള മേൽ തുകയുടെ കൈപ്പറ്റ് രസീതും വിനിയോഗസാക്ഷ്യ പത്രവും ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കാൻ 23.03.2021-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.21/19-20-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-28 മെഡിക്കൽ ഓഫീസർ പി. എച്ച്. സി/സി. എച്ച്.സി-ചെലവ് രേഖകൾ ഹാജരാക്കിയില്ല-64900/-തടസ്സം ചെയ്യുന്നു.

ചെലവ് രേഖകളുടെയും ഫയലുകളുടെയും അഭാവത്തിൽ 2019-2020 വർഷത്തെ താഴെപ്പറയുന്ന പദ്ധതിയുടെ ചെലവ് 64900/- തടസ്സം ചെയ്യുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | വിഭാഗം | ഫണ്ട് | അടങ്കൽ തുക | ചെലവ് |
|---|---|---|---|---|---|---|
| 1 | 12/2019- | ആർദ്രം - കുടുംബാരോഗ്യ | പൊതുവിഭാഗം | മെയിന്റനസ് ഫണ്ട് - | 65000/- | 64900/- |

| | | | | | | |
|---|---|---|---|---|---|---|
| | 2020 | കേന്ദ്രത്തിലെ ഫാർമസിയി ലേക്ക് ശീതീകരണ സംവിധാനവും ഫ്രിഡ്ജും- NEW | | റോഡിതരം - 45000/- തനത് ഫണ്ട്- 20000/- | | |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 38/26.03.2021-ന്ന് മറുപടി നൽകിയില്ല. അടിയന്തിരമായി രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.അല്ലാത്ത പക്ഷം പ്രസ്തുത തുക നിരാകണമായി മാറുന്നതാണ്.

## 1-29 അസ്സറ്റ് രജിസ്റ്റർ പൂർണ്ണമല്ല

A) അംഗൻവാടിയുടെ സ്ഥലം കൈയ്യേറി -തുടർ നടപടി സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ ചെട്ടിക്കോണം വാർഡിലെ അയണിവിള കോളനിയിലെ അംഗൻവാടി സ്ഥിതി ചെയ്യുന്ന സ്ഥലം അയൽവാസി കൈയ്യേറി തേക്ക് ഉൾപ്പെടെ മരങ്ങൾ മുറിച്ചു മാറ്റി, കൈയ്യേറിയ സ്ഥലത്തു എരുത്തിൽ, കക്കൂസ് എന്നിവ നിർമ്മിച്ചതായി വിവരം വാർഡ് മെമ്പർ സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥാവകാശത്തിലുള്ളതാണ് എന്ന് ഉറപ്പു വരുത്താനുതകുന്ന രേഖകൾ കണ്ടെത്താൻ കഴിയാത്തതിനെ തുടർന്ന്, ഉടമസ്ഥാവകാശം തിട്ടപ്പെടുത്താൻ 25/2/20-ൽ ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. (അജണ്ട -6,തീരുമാനം-1). വർഷങ്ങളായി പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ ലഭ്യമല്ലാത്ത വിവരം ടി ഭൂമി അന്യാധീനപ്പെട്ടപ്പോൾ മാത്രമാണ് ശ്രദ്ധിക്കപ്പെട്ടത് . ആസ്തി രജിസ്റ്റർ തയ്യാറാക്കിയ വേളയിൽപോലും ഇക്കാര്യം പഞ്ചായത്ത് മനസ്സിലാക്കിയില്ല എന്നത് പഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിലുള്ള അലംഭാവത്തിന് ഉദാഹരണമാണ്.

B) അംഗൻവാടിക്ക് ദാനം കിട്ടിയ സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥാവകാശത്തിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ചന്ദ്രമംഗലം വാർഡിൽ അംഗൻവാടി സ്ഥിതിചെയ്യുന്ന സ്ഥലം, വസ്തു ഉടമയായ ദീപാലക്ഷ്മി എന്നയാൾ റിലിങ്ക്വിഷ് ചെയ്തിരുന്നുവെങ്കിലും, റവന്യൂ രേഖകളിൽ ഇപ്പോഴും ടിയാളുടെ പേർക്ക് തന്നെയാണ് വസ്തു ഉള്ളതെന്നും, ടി മൂന്നു സെന്റ് സ്ഥലം പഞ്ചായത്തു പേർക്ക് ആധാരം ചെയ്തു നൽകാൻ ടിയാൾ തയ്യാറാണെന്നതിനാൽ അതിൻമേൽ തുടർ നടപടി സ്വീകരിക്കാൻ 17-1-20 ലെ ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. (അജണ്ട 8,തീരുമാനം-1). എന്നാൽ ടി മൂന്നു സെന്റ് സ്ഥലം ആധാരം ചെയ്തു കിട്ടിയിട്ടില്ല . (ഓഡിറ്റ് എൻക്വയറി നം.29) ടി സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥാവകാശത്തിലാക്കിയ ശേഷം, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-30 ഡെപ്പോസിറ്റ് ജോലികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

വിവിധ പ്രവൃത്തികൾക്കായി KSEB, KWA എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി.

| ക്രമ നം. | പ്രോജക്ട് നം. | നിർവ്വഹണ ഏജൻസി | പ്രോജക്ട് പേര് | ബിൽ നം, | തുക(രൂ) |
|---|---|---|---|---|---|
| 1 | 225/19-20 | KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 700000 |
| 2 | 226/19-20 | KSEB | പോസ്റ്റു മാറ്റി സ്ഥാപിക്കൽ | | 266171 |

ടി തുകയിന്മേലുള്ള വിനിയോഗസർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-31 തെരുവു വിളക്ക് -അറ്റ കുറ്റപ്പണി-കമ്മിറ്റി തീരുമാനം നടപ്പായില്ല.

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ 2017 ഓഗസ്റ്റ് മാസം സ്ഥാപിച്ച എൽ.ഇ.ഡി ലൈറ്റുകൾ ഉപയോഗ ശൂന്യമായ അവസ്ഥയിലാണെന്നും, മൂന്നു വർഷം വരെ ഉള്ള ഈ ലൈറ്റുകൾ മെയിന്റനൻസ് ചെയ്യാൻ കരാറുകാരൻ തയ്യാറാകുന്നില്ലെന്നും, ആയതിനാൽ കരാറുകാരനെതിരെ നിയമ നടപടി സ്വീകരിക്കാവുന്നതാണെന്നും,27-11-19 ലെ ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. (അജണ്ട 33,തീരുമാനം-1). എന്നാൽ കരാറുകാരനെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ബന്ധപ്പെട്ട ഫയൽ സഹിതം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.25 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-32 മജിസ്ട്രേറ്റ് കോടതി -പുതുക്കിയ വാടക ഈടാക്കിയില്ല.

കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ പ്രതിമാസ വാടക 4204 + 420 (4604) രൂപയായി, 11-3-20-ൽ ജനറൽ കമ്മിറ്റി തീരുമാന പ്രകാരം, (അജണ്ട 8,

തീരുമാനം 3.) പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.എന്നാൽ ടി നിരക്കിൽ ടി സ്ഥാപനം വാടക ഒടുക്ക വരുത്തുകയോ, പഞ്ചായത്തുമായി നിയമാനുസൃത കരാർ വയ്ക്കുകയോ ചെയ്തിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.28). ടി സ്ഥാപനവുമായി എത്രയും വേഗം കരാർ ഒപ്പ് വയ്ക്കുകയും, വാടക കുടിശ്ശിക, പിഴപ്പലിശ സഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-33 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 29469 | 1721859 | 1751328 | 1751328* | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 82112500 | 82112500 | 82112500 | 0 |
| ആകെ | 29469 | 83834359 | 83863828 | 83843146 | 20682 |

## 1-34 ആഭ്യന്തര നിയന്ത്രണം

കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ കണ്ട വിവിധ അപാകങ്ങൾ ചുവടെ ചേർക്കുന്നു.വിശദാംശം വിവിധ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

1.ജനറൽ കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നില്ല.

2.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ പ്രതിമാസ വാടക ഈടാക്കുന്നില്ല.

3.അസറ്റ് രജിസ്റ്റർ അപൂർണ്ണമാണ്.

4.പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല.

5.പദ്ധതിച്ചെലവുകൾ മാർച്ച് മാസത്തിലേക്ക് മാറ്റി വയ്ക്കുന്നതു മൂലം, ക്യൂ ബില്ലുകൾ ധാരാളം ഉണ്ടാകുന്നു.

## 1-35 രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്നവ യഥാവിധി പരിപാലിച്ചിട്ടില്ല എന്ന് കണ്ടു.

1. <u>സാമൂഹ്യക്ഷേമ പെൻഷൻ</u>

- രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കുന്നില്ല.
- രജിസ്റ്ററുകൾഅപൂർണ്ണം.
- അപേക്ഷകൾ നിരസിക്കുന്നതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല.
- അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥനു നൽകിയ തീയതിയും തിരികെ ലഭിച്ച തീയതിയും രേഖപ്പെടുത്തുന്നില്ല.
- അപേക്ഷകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. <u>തൊഴിൽ നികുതി രജിസ്റ്റർ</u>

- സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തിലില്ല.
- അടവാക്കിയ തുക കൃത്യമായി രേഖപ്പെടുത്തുന്നില്ല.

3.ലോൺ രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

പ്രസ്തുത രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-36 മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് തുടർനടപടി സ്വീകരിച്ചില്ല.

കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് ഓഡിറ്റ് റിപ്പോർട്ടിന് പ്രഥമ മറുപടി ലഭ്യമാക്കാത്തതിനാൽ, KSA-TVM-GP-5/1718/19 പ്രകാരം ഫർദർ ആക്ഷൻ റിപ്പോർട്ട് പുറപ്പെടുവിച്ചിരുന്നു. ആയതു പ്രകാരം, 25ഖണ്ഡികകൾ നിലനിൽക്കുന്നു. ടി ഖണ്ഡികകളിൻമേൽ തുടർനടപടി സ്വീകരിച്ച്, വിശദാംശം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ്എൻക്വയറി നം.36)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 285000 | സ്നേഹസ്പർശനം | 285000 | 0 |
| | | 2696358 | ലൈഫ് ഭവനം | 2696358 | 0 |
| | | 110730 | ലൈഫ് ഭവനം(പട്ടികജാതി) | 55365 | 55365 |
| ആകെ | | 3092088 | | 3036723 | 55365 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 285000 | സ്നേഹസ്പർശം | 285000 | 0 |
| | | 1669200 | ലൈഫ ഭവനം | 1669200 | 0 |
| | | 301776 | ലൈഫ ഭവനം(പട്ടികജാതി) | 0 | 301776 |
| | | 100000 | അഗതി രഹിത കേരളം | 0 | 100000 |
| | | 1000000 | ക്ഷീരസമൃദ്ധി(ജനറൽ) | 1000000 | 0 |
| | | 600000 | ക്ഷീരസമൃദ്ധി(വനിത) | 600000 | 0 |
| | | 300000 | പ്ലാസ്റ്റിക്ക് ഷ്രേഡിങ്ങ് യൂണിറ്റ് | 0 | 300000 |
| ആകെ | | 4255976 | | 3554200 | 701776 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2019-20 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള തുക |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടൽ (പ്രോജക്ട് നം 225) | 700000 | 0 | 0 | 700000 |
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 266171 | 0 | 0 | 266171 |

(പ്രോജക്ട് നം 225)

2018-19 വാർഷിക ധനകാര്യപത്രിക പ്രകാരം Deposit With KWA 6613942/-രൂപയും 2019-20 ധനകാര്യപത്രിക പ്രകാരം Deposit With KWA 6190228/-രൂപയുമാണ്.തൻ വർഷം 700000/-രൂപ ഡെപ്പോസിറ്റിനത്തിൽ നൽകിയിട്ടുണ്ട് എന്നാൽ 276286/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പായിനത്തിൽ 4721421/-രൂപ KURDFC ലോണായി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം തിരിച്ചടവിന്റെയും നീക്കിയിരിപ്പിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ് നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| EMS | GO(Rt)275/2010/Lsgd/27.10.2010 | 10047750 | 1643810 | 1643810 | 0 |
| KURDFC | ലഭ്യമല്ല | 68620000 | 63898579 | 4740000 | 63870000* |

1.ഇ.എം.എസ് ഭവന പദ്ധതിയുടെ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ധനകാര്യപത്രികയിലെ തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2.* KURDFCവായ്പ തുക സംബന്ധിച്ച് പരാമർശം വാർഷിക ധനകാര്യപത്രികയിലെ അപാകതകളിൽ പരാമർശിച്ചിട്ടുണ്ട്.ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ധനകാര്യപത്രികയിലെ നീക്കിയിരിപ്പ് തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ലഭ്യമായില്ല | | | | | |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 153236304 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 134789046 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 438223 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും |
|---|---|---|
| ഖണ്ഡിക 1-9 | 200000 | ഡോ.ശാന്തകുമാർ<br>മെഡിക്കൽ ഓഫീസർ -സി.എച്ച്.സി<br>കാട്ടാക്കട |
| ഖണ്ഡിക 1-18 | 173323 | രത്നാകരൻ<br>ഹെഡ്മാസ്റ്റർ<br>ജെ.ആർ ഭവൻ<br>പാപ്പനം<br>അമ്പലത്തിൻകാല<br>അമ്പലത്തിൻകാല.പി.ഒ |
| ഖണ്ഡിക 1-28 | 64900 | ഡോ.ശാന്തകുമാർ<br>മെഡിക്കൽ ഓഫീസർ -സി.എച്ച്.സി<br>കാട്ടാക്കട |

ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18<br>തീയതി 20.06.2018 | 1 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18<br>തീയതി 20.06.2018 | 1 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18<br>തീയതി 20.06.2018 | 2 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18<br>തീയതി 20.06.2018 | 2 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18<br>തീയതി 20.06.2018 | 3 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18<br>തീയതി 20.06.2018 | 8 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18<br>തീയതി 20.06.2018 | 15 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.5/2126/13 തീയതി 15.11.13 | 18 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.5/<br>തീയതി.04.04.2014 | 14 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/36/16<br>തീയതി 8.2.2016 | 6 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/857/15<br>തീയതി 26.04.2016 | 5 | |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1772/2016 | 10 | |

| | | | |
|---|---|---|---|
| | തീയതി.05.4.17 | | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/975/17 തീയതി.23.6.2017 | 4 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1666/2017 തീയതി.6.2.18 | 9 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1046/2019 തീയതി.05.08.19 | 17 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1718/2019 തീയതി.17.10.2019 | | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്